# യുവദർശനം

2026 VOL 1

ISSUE 2



സെന്റ് മേരീസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം, മല്ലശ്ശേരി


MODERN
CATERS & EVENTS
fssai 11318003000088
MALLASSERY, PATHANAMTHITTA
96332 82572
94955 18780
MODERNCATERINGS1991@GMAIL.COM
MODERN_CATERING_MALLASSERY


V
VALUMANNIL
JEWELLERS
CELEBRATE LIFE'S
PRECIOUS MOMENTS WITH
PURE ELEGANCE
0468-2336373
CHURCH JUNCTION
POOMKAVU P. O
MALLASSERY



മലങ്കര ഓർത്തഡോക്സ്
ക്രൈസ്തവ യുവജനപ്രസ്ഥാനം,
മല്ലശ്ശേരി, തുമ്പമൺ ഭദ്രാസനം

# ഉൾത്താളുകളിലൂടെ.....

എഡിറ്റോറിയൽ 05
പരിശുദ്ധ കന്യക മറിയം 06
പരി.ദൈവമാതാവും വിശ്വാസികളുടെ മാതൃകയും 07
In the midst of the Crowd, yet far from the Madding Crowd 08
പരിശുദ്ധ കന്യകാമറിയം പുതിയനിയമത്തിന്റെ കൃപാസനം 10
എന്തേ, ഇങ്ങനെ... 12
സത്യം നിങ്ങളെ സ്വതന്ത്രരാക്കും! 14
റോഡിനപ്പുറം ഒരു യാത്ര ഉള്ളിലേക്കും... 15
A Song of Simple Joy 16
മനുഷ്യനിലെ നന്മ: ദൈവസാന്നിധ്യത്തിന്റെ ദൃശ്യമായ മുഖം 17
അഞ്ച് മിനിറ്റ് തീരുമാനം 20
നാവ് എന്ന തീ 21
ബെത്‌ലഹേം വീട്ടിൽ കുഞ്ഞൂഞ്ഞ് 22
വിശ്വാസം ജീവിതത്തിന്റെ ശക്തി 23
പെസഹാ വ്യാഴം രാത്രി 24
വ്യാജവാർത്തകളുടെ ലോകത്ത് സത്യത്തിന്റെ ശബ്ദം 25
കാണുന്നതിനപ്പുറം 26
We're only Beginners 28
"ഒരു നിമിഷത്തെ കൗതുകം, ഒരു ജീവിതത്തിന്റെ നഷ്ടം" 29
കൃതജ്ഞത 30
Painting 31
വാർത്തകൾ വിശേഷങ്ങൾ 32
കളർ ചെയ്യൂ... സമ്മാനം നേടൂ.. 33
Bible word search 34

PLACE OF PUBLICATION:
**ST. MARY'S ORTHODOX CHURCH MALLASSERY**

PRESIDENT:
**FR. BIJU THOMAS PARANTHAL**

VICE PRESIDENT:
**FR. ASHLY JOHN THOMAS**
**JOEL KOSHY THOMAS**

CHEIF EDITOR:
**ALEENA MARY BLESSON**

EDITORIAL BOARD:
**AARON MANU MATHAI**
**JEFFIN T SAJAN**
**SERA SARA MATHEW**
**SHERIN SARA SAMUEL**

DESIGN:

**abiyebe**
7593934885

PRINTED AT:
**PRINT EXPRESS, KOCHI**

NO. OF COPIES:
**500**

DATE OF PUBLICATION:
**08TH SEP 2026**

Disclaimer:
Statements and opinions given in the articles or advertisements in this magazine are the expression as of contributors and advertisers for which the editorial board assumes no responsibilities



# എഡിറ്റോറിയൽ



വി.ദൈവമാതാവിന്റെ നാമത്തിലുള്ള പെരുന്നാൾ നമ്മുടെ ഇടവകയിൽ ആചരിക്കുന്നതിനോടനുബന്ധിച്ച് ഇടവക യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള യുവദർശനം മാസികയുടെ 2026ലെ 2ാം ലക്കം പ്രസിദ്ധീകരിക്കുവാൻ അനുവദിക്കുന്ന ദൈവത്തിന് സ്തുതി. ഇടവകയിലെ യുവജനങ്ങളുടെ ശബ്ദമായി 'യുവദർശനം' അതിന്റെ ധർമ്മം ഭംഗിയായി തുടരുന്നതിൽ അഭിമാനമുണ്ട്.

ഇന്നത്തെ യുവത്വം മാറ്റങ്ങളുടെ വേഗതയിൽ സഞ്ചരിക്കുന്ന ഒരു തലമുറയാണ്. കാലത്തിന്റെ ഓരോ മാറ്റവും ആദ്യം പ്രതിഫലിക്കുന്നത് യുവഹൃദയങ്ങളിലാണ്. പുതിയതിനെ സ്വീകരിക്കാനുള്ള മനസ്സും, ചോദ്യങ്ങൾ ചോദിക്കാനുള്ള ധൈര്യവും, സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാനുള്ള ഊർജവും യുവത്വത്തിന്റെ പ്രത്യേകതകളാണ്. എന്നാൽ അനന്തമായ സാധ്യതകൾക്കിടയിൽ ഏത് വഴിയാണ് തിരഞ്ഞെടുക്കേണ്ടത് എന്നത് വലിയൊരു വെല്ലുവിളിയായി മാറിയിരിക്കുന്നു. സാങ്കേതികവിദ്യയും സാമൂഹ്യമാധ്യമങ്ങളും ജീവിതത്തിന്റെ ഭാഗമായി മാറിയ ഈ കാലത്ത് വിശ്വാസത്തെ ജീവിതത്തിൽ നിന്ന് അകറ്റിനിർത്താതെ, ആധുനിക ജീവിതത്തോടൊപ്പം അതിനെ ചേർത്തുനിർത്താനുള്ള ഉത്തരവാദിത്വം ഇന്നത്തെ യുവത്വത്തിനുണ്ട്. സഭയുടെ യുവജന പ്രസ്ഥാനപ്രവർത്തനങ്ങൾ ഈ ദിശാബോധം നൽകുന്നതിൽ നിർണായകമായ പങ്കുവഹിക്കുന്നു. യുവജനങ്ങൾ സഭയുടെ ഭാവി മാത്രമല്ല; സഭയുടെ ഇന്നത്തെ ജീവനും ചൈതന്യവുമാണ്. അവരുടെ ചോദ്യങ്ങൾ കേൾക്കാനും ആശയങ്ങളെ അംഗീകരിക്കാനും കഴിവുകളെ പ്രോത്സാഹിപ്പിക്കാനും സഭയ്ക്ക് കഴിയുമ്പോൾ വിശ്വാസത്തിന്റെ പുതിയ വാതിലുകൾ തുറക്കപ്പെടുന്നു.

ഈ യാത്രയിൽ യുവജനങ്ങൾക്ക് ഏറ്റവും മനോഹരമായ മാതൃകകളിലൊന്നാണ് പരിശുദ്ധ കന്യകാമറിയം. വളരെ ചെറുപ്പത്തിൽ തന്നെ ദൈവവിളി സ്വീകരിച്ച അമ്മയുടെ ജീവിതം വിശ്വാസത്തിന്റെയും ധൈര്യത്തിന്റെയും സമർപ്പണത്തിന്റെയും പാഠപുസ്തകമാണ്.വലിയ വാക്കുകളേക്കാൾ സ്നേഹത്തോടെ ഒരാളോടൊപ്പം നിൽക്കുന്നതും, പ്രതിസന്ധികളിൽ കൈവിടാതിരിക്കുന്നതും, മറ്റുള്ളവരുടെ സന്തോഷത്തിലും ദു:ഖത്തിലും പങ്കുചേരുന്നതുമാണ് അമ്മയുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത്. ഇന്നത്തെ യുവജനങ്ങൾക്കും ഈ സാന്നിധ്യം അനിവാര്യമാണ്.

സമൂഹത്തിനും സഭയ്ക്കും നൽകേണ്ട സേവനങ്ങൾ ഇനിയുമുണ്ട്. അർപ്പണബോധത്തോടെ പ്രവർത്തിക്കുവാൻ കഴിവുള്ള യുവജനങ്ങളുടെ ദർശനങ്ങളും പ്രവർത്തികളും സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ട് ആകട്ടെയെന്ന് ആശംസിക്കുന്നു.

പരി. ദൈവമാതാവിന്റെ മധ്യസ്ഥതയും കാവലും നമ്മൾക്ക് ശക്തി നൽകട്ടെ.

**അലീന മേരി ബ്ലസൺ**
**ചീഫ് എഡിറ്റർ**



# പരിശുദ്ധ കന്യക മറിയം

## വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും മാതൃക



ഫാ. ബിജു തോമസ്
വികാരി

പരിശുദ്ധ കന്യക മറിയം ക്രൈസ്തവ വിശ്വാസത്തിന്റെ ഏറ്റവും മഹത്തായ മാതൃകകളിലൊരാളാണ്. ദൈവവിളി വിനയപൂർവം സ്വീകരിച്ച് ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിനെ മനുഷ്യരാശിക്ക് സമ്മാനിച്ച അമ്മയാണ് മറിയം. അതുകൊണ്ടുതന്നെ സഭ അവളെ ദൈവമാതാവായും വിശ്വാസത്തിന്റെ മാതൃകയായും ആദരിക്കുന്നു. ഓരോ പെരുന്നാളും മറിയത്തിന്റെ മഹത്വം ഓർമ്മിക്കുന്നതിനോടൊപ്പം അവളുടെ ജീവിതത്തിൽനിന്ന് നല്ല പാഠങ്ങൾ പഠിക്കാനുള്ള അവസരവുമാണ്.

മറിയത്തിന്റെ ജീവിതത്തെ ഏറ്റവും മനോഹരമാക്കിയത് അവളുടെ വിനയവും ദൈവഹിതത്തോടുള്ള പൂർണ്ണ അനുസരണവുമാണ്. ദൈവദൂതനായ ഗബ്രിയേൽ ദൈവത്തിന്റെ പദ്ധതിയെക്കുറിച്ച് അറിയിച്ചപ്പോൾ, അതിന്റെ പൂർണ്ണമായ അർത്ഥം മനസ്സിലാകാതിരുന്നിട്ടും, "ഇതാ, ഞാൻ കർത്താവിന്റെ ദാസി" എന്ന വിശ്വാസപൂർവമായ മറുപടിയിലൂടെ അവൾ ദൈവഹിതത്തിന് സ്വയം സമർപ്പിച്ചു. മറിയത്തിന്റെ ആ ഒരു അതെ മനുഷ്യചരിത്രത്തെ തന്നെ മാറ്റിമറിച്ചു. ഇന്നും ദൈവം നമ്മെ വിവിധ രീതികളിൽ വിളിക്കുമ്പോൾ, വിശ്വാസത്തോടും ധൈര്യത്തോടും കൂടി അതിന് പ്രതികരിക്കാൻ മറിയം നമ്മെ പ്രചോദിപ്പിക്കുന്നു. ജീവിതത്തിലെ സന്തോഷത്തിലും ദു:ഖത്തിലും അവൾ ദൈവത്തിൽ ആശ്രയിച്ചു. യേശുവിന്റെ ജനനം മുതൽ കുരിശിന്റെ ചുവടുവരെയും അവൾ തന്റെ മകനെ സ്നേഹത്തോടും വിശ്വാസത്തോടും കൂടി അനുഗമിച്ചു. ജീവിതത്തിൽ എത്ര വലിയ പരീക്ഷണങ്ങൾ വന്നാലും പ്രത്യാശ നഷ്ടപ്പെടരുതെന്ന് മറിയത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

മറിയം പ്രാർത്ഥനയുടെ സ്ത്രീയായിരുന്നു. ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും അവൾ ദൈവത്തെ ആശ്രയിച്ചു. പ്രാർത്ഥനയാണ് ജീവിതത്തിന്റെ ശക്തിയെന്നും ദൈവവിശ്വാസമാണ് യഥാർത്ഥ സമാധാനത്തിന്റെ വഴിയെന്നും അവളുടെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു.കാനായിലെ വിവാഹവിരുന്നിൽ വീഞ്ഞ് തീർന്നപ്പോൾ ആ കുടുംബത്തിന്റെ വിഷമം ആദ്യം തിരിച്ചറിഞ്ഞത് മറിയമായിരുന്നു. അവൾ യേശുവിനോട് അപേക്ഷിക്കുകയും പിന്നീട്, അവൻ നിങ്ങളോട് പറയുന്നതെന്തോ അത് ചെയ്യുവിൻ" എന്ന് എല്ലാവരോടും പറയുകയും ചെയ്തു. മറിയത്തിന്റെ ഈ വാക്കുകൾ ഇന്നും ഓരോ വിശ്വാസിയുടെയും ജീവിതത്തിന് വഴികാട്ടിയാണ്. യേശുവിന്റെ വാക്കുകൾ കേട്ട് അവ അനുസരിക്കുമ്പോഴാണ് ജീവിതത്തിൽ യഥാർത്ഥ അനുഗ്രഹവും സന്തോഷവും നിറയുന്നത്.
ഇന്നത്തെ ലോകം നിരവധി വെല്ലുവിളികളിലൂടെ കടന്നുപോകുകയാണ്. കുടുംബബന്ധങ്ങളിലെ തകർച്ച, സ്വാർത്ഥത, ലഹരിയുടെ വ്യാപനം, പ്രകൃതിയോടുള്ള അനാദരം, മാനുഷിക മൂല്യങ്ങളുടെ കുറവ് തുടങ്ങിയവ സമൂഹത്തെ ഗൗരവമായി ബാധിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ മറിയത്തിന്റെ ജീവിതം നമ്മെ സ്നേഹത്തിന്റെയും സേവനത്തിന്റെയും ക്ഷമയുടെയും പാതയിലേക്ക് വിളിക്കുന്നു.

കുടുംബങ്ങളിൽ പരസ്പര ബഹുമാനവും പ്രാർത്ഥനയും ഐക്യവും വളർത്തുന്നതിന് മറിയത്തിന്റെ മാതൃക സഹായകമാണ്. യുവജനങ്ങൾക്ക് മറിയം പ്രത്യാശയുടെ അടയാളമാണ്. ജീവിതത്തിൽ വലിയ സ്വപ്നങ്ങൾ കാണുമ്പോഴും ദൈവത്തിൽ വിശ്വസിച്ച് മുന്നോട്ട് പോകാൻ അവൾ നമ്മെ പ്രചോദിപ്പിക്കുന്നു. മാതാപിതാക്കളെ ആദരിക്കാനും സമൂഹത്തോട് ഉത്തരവാദിത്തമുള്ളവരാകാനും ദരിദ്രരെയും രോഗികളെയും സഹായിക്കാനും മറിയത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.
പെരുന്നാൾ ആഘോഷങ്ങൾ വെറും ആചാരങ്ങളിൽ ഒതുങ്ങരുത്. ആഘോഷങ്ങൾ നമ്മുടെ വിശ്വാസത്തെ കൂടുതൽ ആഴപ്പെടുത്തുകയും മറ്റുള്ളവരോട് സ്നേഹവും കരുണയും പങ്കുവെക്കാൻ നമ്മെ പ്രേരിപ്പിക്കുകയും വേണം. പ്രാർത്ഥന, വിശുദ്ധ കുർബാനയിലെ പങ്കാളിത്തം,ദാനധർമ്മങ്ങൾ,കുടുംബപ്രാർത്ഥന,സാമൂഹിക സേവനം എന്നിവയിലൂടെ പെരുന്നാളിന്റെ ആത്മാവ് നമ്മുടെ ജീവിതത്തിൽ പ്രകടമാകണം. പരിശുദ്ധ കന്യകാ മറിയം ഇന്നും വിശ്വാസികളുടെ അമ്മയായി സഭയെ സംരക്ഷിക്കുകയും എല്ലാവരെയും തന്റെ മകനായ യേശുക്രിസ്തുവിന്റെ അടുത്തേക്ക് നയിക്കുകയും ചെയ്യുന്നു. അവളുടെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ജീവിതം കൂടുതൽ വിശ്വാസപൂർണ്ണവും സമാധാനപൂർണ്ണവും സ്നേഹം നിറഞ്ഞതുമാകട്ടെ.

ഈ പെരുന്നാൾ നമ്മുടെ ഹൃദയങ്ങളിൽ പുതുവിശ്വാസവും പ്രത്യാശയും നിറയ്ക്കട്ടെ. മറിയത്തിന്റെ മാതൃക പിന്തുടർന്ന് ദൈവഹിതം നിറവേറുന്ന ജീവിതം നയിക്കാൻ നമുക്കെല്ലാവർക്കും സാധിക്കട്ടെ.





# പരി. ദൈവമാതാവും വിശ്വാസികളുടെ മാതൃകയും


**ഫാ. ആഷ്‌ലി ജോൺ തോമസ്**
സഹവികാരി


ദൈവപുത്രനെ വഹിച്ച അനുഗ്രഹീത കന്യക.. ഓർത്തഡോക്സ് സഭയുടെ വിശ്വാസപാരമ്പര്യത്തിൽ പരിശുദ്ധ കന്യാമറിയത്തിന് അതുല്യമായ സ്ഥാനമാണുള്ളത്, നാം അവളെ ' ദൈവമാതാവ് ' (Theotokos) എന്നു വിളിക്കുന്നു. ഈ വിശേഷണം കേവലം ഒരു ബഹുമതിയല്ല, മറിച്ച് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവത്വത്തെയും മനുഷ്യത്വത്തെയും കുറിച്ചുള്ള അഗാധമായ വിശ്വാസ സത്യത്തിന്റെ പ്രഖ്യാപനമാണ്. എഫേസൂസ് സൂനഹദോസ് (എ.ഡി. 431) ഈ സത്യം ഔദ്യോഗികമായി സ്ഥിരീകരിച്ചു മറിയം വഹിച്ചത് വെറുമൊരു മനുഷ്യക്കുഞ്ഞിനെയല്ല, മറിച്ച് പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ ദൈവപുത്രനെയാണ്.

**വിനയത്തിന്റെയും അനുസരണത്തിന്റെയും മാതൃക**

ലൂക്കോസിന്റെ സുവിശേഷത്തിൽ ഗബ്രിയേൽ ദൂതൻ മറിയത്തോട് ദൈവപുത്രനെ ഗർഭം ധരിക്കുമെന്ന് അറിയിക്കുമ്പോൾ, അവളുടെ മറുപടി എക്കാലത്തെയും വിശ്വാസികൾക്ക് മാതൃകയാണ്: 'ഇതാ ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്ക് ഭവിക്കട്ടെ' (വി. ലൂക്കോസ് 1:38). ഈ വിനയവും സമ്പൂർണ്ണ സമർപ്പണവുമാണ് അവളെ വിശുദ്ധിയുടെ പരമോന്നത മാതൃകയാക്കുന്നത്. സ്വന്തം ഹിതത്തെക്കാൾ ദൈവഹിതത്തിന് മുൻഗണന നൽകിയ ആ നിമിഷമാണ് രക്ഷാകരപദ്ധതിയുടെ വഴിത്തിരിവായത്.

**സഭയുടെ പ്രാർത്ഥനാജീവിതത്തിൽ മറിയം**

ഓർത്തഡോക്സ് ആരാധനാക്രമത്തിൽ വിശുദ്ധ കുർബാനയിലും കാനോനകളിലും പ്രാർത്ഥനകളിലും പരിശുദ്ധ മറിയത്തിന്റെ സ്മരണ നിരന്തരം കടന്നുവരുന്നു. ' ഇതുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും ' (വി. ലൂക്കോസ് 1:48) എന്ന അവളുടെ പ്രവചനം ഓരോ ആരാധനയിലും നിറവേറ്റപ്പെടുന്നു. നാം അവളെ ആരാധിക്കുന്നില്ല ആരാധന ദൈവത്തിന് മാത്രം അവകാശപ്പെട്ടതാണ് എന്നാൽ വിശുദ്ധരിൽ അത്യുന്നതയായി ബഹുമാനിക്കുകയും അവളുടെ മാധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്യുന്നു, ഒരു സഹോദരൻ അല്ലെങ്കിൽ സഹോദരി മറ്റൊരാൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതുപോലെ.

**കാനാ കല്യാണത്തിലെ പാഠം**

യോഹന്നാന്റെ സുവിശേഷത്തിൽ കാനായിലെ കല്യാണ വിരുന്നിൽ വീഞ്ഞ് തീർന്നപ്പോൾ മറിയം ശുശ്രൂഷകരോട് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്: 'അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അത് ചെയ്‌വിൻ ' (വി.യോഹ. 2:5). ഇത് അവളുടെ മുഴുവൻ ജീവിതത്തിന്റെയും സന്ദേശമാണ്, തന്നിലേക്കല്ല, എപ്പോഴും തന്റെ പുത്രനിലേക്ക് വിരൽ ചൂണ്ടുന്ന മാതൃത്വം. ഇടയന്മാരും വിശ്വാസികളും ഈ മാതൃക പിൻതുടരേണ്ടതാണ് ക്രിസ്തുവിലേക്ക് നയിക്കുന്ന, ക്രിസ്തുവിനെ മറയ്ക്കാത്ത ശുശ്രൂഷ.

**സഹനത്തിന്റെ അമ്മ**

കുരിശിൻ ചുവട്ടിൽ നിന്ന മറിയത്തിന്റെ ചിത്രം (വി. യോഹ. 19:25-27) വിശ്വാസികളുടെ സഹനങ്ങളിൽ ആശ്വാസത്തിന്റെ ഉറവിടമാണ്. ശിമയോൻ പ്രവചിച്ചതുപോലെ വാൾ അവളുടെ ഹൃദയത്തിലൂടെ കടന്നുപോയി (വി. ലൂക്കോസ് 2:35), എന്നിട്ടും അവൾ വിശ്വാസത്തിൽ ഉറച്ചുനിന്നു. ജീവിതത്തിലെ വേദനകളിലും പരീക്ഷണങ്ങളിലും ഈ മാതൃക നമുക്ക് ധൈര്യം പകരുന്നു.

പരിശുദ്ധ കന്യാമറിയത്തെക്കുറിച്ചുള്ള ധ്യാനം ഒടുവിൽ നമ്മെ അവളുടെ പുത്രനിലേക്കുതന്നെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലേക്ക് നയിക്കുന്നു. അവളുടെ വിശ്വാസം, വിനയം, അനുസരണം, സഹനശക്തി എന്നിവ ഓരോ വിശ്വാസിക്കും അനുകരണീയമായ മാതൃകയാണ്. 'ഇതാ, ഞാൻ കർത്താവിന്റെ ദാസി' എന്ന അവളുടെ വാക്കുകൾ നമ്മുടെ സ്വന്തം ജീവിതത്തിന്റെയും മുദ്രാവാക്യമാകട്ടെ.

*പരിശുദ്ധ ദൈവമാതാവിന്റെ മാധ്യസ്ഥ്യം നമ്മോടുകൂടെ ഉണ്ടായിരിക്കട്ടെ.*

# In the midst of the Crowd, yet far from the Madding Crowd



**Fr. Dr. Joshi Varghese**
CBSE Deputy District Coordinator &
Principal M.G.M. Higher Secondary
School, Bokaro

- St. Luke 2: 40 – 52

There is only one incident recorded in the Bible that refers to the period between the infancy narratives of Jesus and the beginning of the public ministry (baptism at Jordan). It is narrated in St. Luke 2:40-52 and recounts what happened to Jesus when he was on the cusp of adolescence/teenage.

**a. Caring co-travellers**

Like any other observing Jew, Joseph and Mary worshipped at Jerusalem Temple every year for the feast of Passover. At the end of the first day on their way back to Nazareth, Joseph and Mary realised that the twelve year old Jesus was not with them. Those who are more familiar with nuclear families would be shocked and think about how such a lapse can happen from the parents. Shouldn't Joseph and Mary have acted more responsibly? We need to travel back two thousand years and understand the life style of the time to get a clear picture.

As the pilgrimage from Nazareth to Jerusalem called for days of walk, it was common practice that the relatives or the neighbourhood undertook the journey together in groups. Joseph and Mary also undertook the pilgrimage along with 'their relatives and acquaintances' (Lk 2:44). This entourage of relatives and acquaintances didn't follow them only during such long journeys, but was rather present throughout one's life journey. They acted as an extended family and became a support group to the individuals and families. This support group celebrated the happy moments ("Her neighbours and relatives heard that the Lord had shown his great mercy to her, and they rejoiced with her" Lk 1:58) and shared the sorrows ("The Jews who were with her in the house, consoling her, saw Mary get up quickly and go out. They followed her … Jn 11: 31).

One of the drawbacks of the present times is the absence of such a support group which can act like 'shock absorbers'. If there is a strain in relationships, health problems, economic crisis, bereavement etc., this support group of kith and kin provided a solace to the individual/ family. The lack of such a group has resulted in the rise of cases of depression, divorce and suicides. As Pope Francis exhorted we need to rebuild this beautiful system and propagate the 'culture of care'.



### b. The lost ones

"When they did not find him, they returned to Jerusalem to search for him" (Lk 2:41). Joseph and Mary travelled one day under the assumption that child Jesus was with them. Similar stories happen with us every day. We would be happily living with our kids with the assumption that 'they are with us'. We take their presence for granted. Our children might be physically present with us but mentally separated and emotionally lost to us. The frenzy of our busy lives coupled with the overwhelming use of social media heightens the problem. It calls for a deliberate slowing down to ensure that our kids literally walk with us in the journey of life and are not lost in the web of social media, unwanted relationships, addictive habits etc.

After two days of search Joseph and Mary could find their child. There are tens of thousands of parents who are not fortunate enough to get back their children even after years of frantic search. A BBC report has estimated that "a child goes missing in India every eight minutes. Many are trafficked as part of a nationwide trade which is separating children from their families. Millions end up in forced labour, domestic slavery and sex work, in what's become a lucrative industry". A little more alertness of the parents as well as the society can prevent many of such missing cases. Even small steps like avoiding the child to be left unattended, keeping a watch on caregivers etc. would keep the child safe. A child also should be taught how to deal with strangers, how to respond in case of suspicious circumstances, how to protect themselves from online predators etc.

### c. Teenage:

Time of turbulence or search for a higher goal

The Gospel states that the incident happened when Jesus "was twelve years old". Adolescence is a time of rebellion and turbulence as well a period of search for meaning in life. It won't be unfair to state that Jesus, as an adolescent, found the goal of his life on Earth. He realised that he 'must be in his Father's house'. His parents found him "sitting among the teachers, listening to them and asking them questions" (Lk 2:46). This summarises the trait of an adolescent/ teenager. It is a period when children start seeking a higher goal in life. Some children are able to keep themselves away from the madding crowd. It's a period fraught with a rebellious attitude and persistent questioning. It is also the time when they feel that they are isolated even in the midst of a crowd.

It is the responsibility of the parents and teachers to empathetically listen to the adolescents/ teenagers and allow them to ask questions. If we help them to ask the right questions, they would also be gradually empowered to find the right answers. "Train children in the right way, and when old, they will not stray" (Prov 22:6) seems most apt for the teenagers. The responsibility of priests and Sunday school teachers is similar to that of the teachers of the Jerusalem temple. Isn't it a feat that they were able to hold the attention of and engage an adolescent for three days? Are we (parents and religious leaders/ teachers) able to engage with our children and lead them to a realisation of their purpose on this earth? If not, how it can be done is a matter to be pondered upon.

### Conclusion

The incident reveals that Jesus grew up as a 'normal child' with wisdom and in divine and human favour. This should be the 'new normal' to bring up our children. It also reminds parents, priests and teachers of their responsibility in ensuring that no child is lost physically or spiritually.



# പരിശുദ്ധ കന്യകമറിയം പുതിയനിയമത്തിന്റെ കൃപാസനം



**ഫാ. റോണി വർഗീസ്**
ഇടവക പട്ടക്കാരൻ

വി.വേദപുസ്തകം വെറും ചരിത്രഗ്രന്ഥം മാത്രമല്ല എന്ന് നമുക്കറിയാം; ദൈവത്തിന്റെ രക്ഷാപദ്ധതി ക്രമേണ വെളിപ്പെടുന്ന മഹത്തു രഹസ്യങ്ങളുടെ ഗ്രന്ഥമാണ്. പഴയ നിയമത്തിലെ പല സംഭവങ്ങളും വ്യക്തികളും വിശിഷ്ട വസ്തുക്കളും പുതിയ നിയമത്തിൽ പൂർണത പ്രാപിക്കുന്നു. ഈ മഹത്തായ സമന്വയത്തിന്റെ ഏറ്റവും മനോഹരമായ ഉദാഹരണങ്ങളിൽ ഒന്നാണ് പരിശുദ്ധ കന്യകാമറിയം പുതിയ നിയമത്തിന്റെ നിയമപെട്ടകമാണെന്ന സത്യം.

(പുറപ്പാട് 40:34) "അപ്പോൾ മേഘം സമാഗമനകൂടാരത്തെ മൂടി; യഹോവയുടെ തേജസ്സ് തിരുനിവാസത്തെ നിറച്ചു."

(വി. ലൂക്കോസ് 1:35) "പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും."

ഈ രണ്ട് വേദഭാഗങ്ങളിലും '*മൂടി*' അല്ലെങ്കിൽ '*നിഴലിടും*' " എന്ന ദൈവിക പ്രവർത്തി, വി. കന്യകമറിയത്തെ പുതിയ നിയമത്തിന്റെ നിയമപെട്ടകമായി വെളിപ്പെടുത്തുന്നു.

മോശ ദൈവത്തിന്റെ കല്പനപ്രകാരം സമാഗമനകൂടാരം നിർമ്മിച്ചു തീർന്നപ്പോൾ ദൈവത്തിന്റെ മഹത്വം മേഘരൂപത്തിൽ അതിന്മേൽ വന്നു. അത് സാധാരണ മേഘമല്ല; ദൈവസാന്നിധ്യത്തിന്റെ ദൃശ്യമായ അടയാളമായിരുന്നു. യഹൂദ പരമ്പരയിൽ ഇതിനെ ഷെഖീനാ മഹത്വം എന്നു വിളിക്കുന്നു. ദൈവത്തിന്റെ ദൃശ്യവും പ്രത്യക്ഷവുമായ സാന്നിധ്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദമാണ് 'ഷെഖീനാ' മഹത്വം '(Shekinah Glory)'. 'ഷെഖീനാ' എന്നത് എബ്രായ ഭാഷയിലെ 'ഷാഖാൻ' (Shakan) എന്ന വാക്കിൽ നിന്നാണ് ഉണ്ടായത്. 'വസിക്കുക' അല്ലെങ്കിൽ 'കൂടാരം അടിക്കുക' എന്നാണ് ഇതിന്റെ അർത്ഥം. ദൈവത്തിന്റെ വിശുദ്ധിയും മഹത്വവും മനുഷ്യരുടെ ഇടയിൽ പ്രകാശമായോ മേഘമായോ വെളിപ്പെടുന്നതിനെയാണ് ഇത് പ്രതിനിധീകരിക്കുന്നത്. നിയമപ്പെട്ടകത്തിന്റെ ഉള്ളിൽ സൂക്ഷിച്ചിരുന്നത്: ദൈവം നൽകിയ നിയമത്തിന്റെ കൽപ്പലകകളും, മന്നാ ഇട്ടുവെച്ച പൊൻപാത്രവും, അഹരോന്റെ തളിർത്ത വടി എന്നിവയായിരുന്നു (എബ്രായർ 9:4). ദൈവത്തിന്റെ മഹത്വം അതിന്മേൽ നിഴലിച്ചതിനാൽ അത് അതിവിശുദ്ധമായി കണക്കാക്കപ്പെട്ടു.

കാലത്തികവിൽ ഗബ്രിയേൽ മാലാഖ പരിശുദ്ധ കന്യകമറിയത്തോട് ഇപ്രകാരം സുവിശേഷിച്ചു: "പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിക്കും.""

ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് പദം എപിസ്കിയാസെയ് (episkiasei) എന്നതാണ്. സെപ്റ്റുജിന്റ് എന്ന ഗ്രീക്ക് പഴയ നിയമത്തിൽ പുറപ്പാട് 40:35ൽ സമാഗമനകൂടാരത്തെ മേഘം മൂടിയതിനെ വിവരിക്കാൻ ഇതേ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതിനാൽ വി.ലൂക്കോസ് സുവിശേഷകൻ കന്യകമറിയത്തെ പുതിയ സമാഗമനകൂടാരവും പുതിയ നിയമപെട്ടകവുമായി അവതരിപ്പിച്ചിരിക്കുന്നു.

മോശയുടെ കൂടാരത്തിൽ ദൈവത്തിന്റെ മഹത്വം വസിച്ചതുപോലെ, വി. കന്യക മറിയത്തിന്റെ ഉദരത്തിൽ ദൈവവചനം ജഡമായി വസിച്ചു (വി. യോഹന്നാൻ 1:14). പഴയ പെട്ടകം ദൈവത്തിന്റെ നിയമത്തെ വഹിച്ചു; വി കന്യകമറിയം നിയമദാതാവായ ക്രിസ്തുവിനെ തന്നെയാണ് വഹിക്കുന്നത്.

നിയമപെട്ടകം ദാവീദിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ അവൻ പറഞ്ഞു: യഹോവയുടെ പെട്ടകം എങ്ങനെ എന്റെ അടുക്കൽ വരും?" (2 ശമൂവേൽ 6:9), മറിയം എലിസബത്തിനെ സന്ദർശിച്ചപ്പോൾ ഏലിശുബ പറഞ്ഞു: "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാൻ എനിക്കെന്തു ഭാഗ്യം?" (വി. ലൂക്കോസ് 1:43), ദാവീദ് നിയമപെട്ടകത്തിന്റെ മുമ്പിൽ ആനന്ദത്തോടെ നൃത്തം ചെയ്തു (2 ശമൂവേൽ 6:14), യോഹന്നാൻ സ്നാപകൻ മാതാവിന്റെ ഉദരത്തിൽ തുള്ളി ചാടി (വി. ലൂക്കോസ് 1:41), നിയമപെട്ടകം ഒബേദ്എദോമിന്റെ വീട്ടിൽ മൂന്നു മാസം പാർത്തു (2 ശമൂവേൽ 6:11), മറിയം എലിസബത്തിനോടുകൂടെ ഏകദേശം മൂന്നു മാസം പാർത്തു (വി. ലൂക്കോസ് 1:56). ഈ സമാനതകൾ യാദൃശ്ചികമല്ല; മറിയം ജീവിക്കുന്ന നിയമപെട്ടകമാണെന്ന് വെളിപ്പെടുത്തുന്ന ദൈവിക സൂചനകളാണ്.

ദൈവത്തിന്റെ ദൃശ്യമായ സാന്നിധ്യവും മഹത്വവുമാണ് 'നിഴലിടുക' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്; ഇത് വെറുമൊരു സംരക്ഷണം മാത്രമല്ല.അന്ന് സമാഗമന കൂടാരത്തിന്മേൽ ദൈവസാന്നിധ്യം നിഴലിട്ടപ്പോൾ അത് അതിവിശുദ്ധ സ്ഥലമായി തീർന്നു. അതുപോലെ, പരിശുദ്ധാത്മാവിന്റെ ശക്തി മറിയത്തിന്റെമേൽ നിഴലിട്ടപ്പോൾ അവൾ ദൈവപുത്രന് ജന്മം നൽകുന്ന ജീവിക്കുന്ന ആലയമായി രൂപപ്പെട്ടു. ഇത് ക്രിസ്തുവിന്റെ മനുഷ്യാവതാരരഹസ്യത്തിന്റെ ഹൃദയമാണ്. മനുഷ്യൻ നിർമ്മിച്ച കൂടാരത്തിൽ മാത്രം വസിച്ചിരുന്ന ദൈവം, മനുഷ്യസ്വഭാവത്തിനുള്ളിൽ തന്നെ വസിക്കുന്നു. കന്യകമാറിയത്തിന്റെ ഉദരം സ്വർഗ്ഗവും ഭൂമിയും ഒന്നിക്കുന്ന വിശുദ്ധസ്ഥാനമായി മാറി.



സുറിയാനി സഭാപിതാക്കന്മാരുടെ ദർശനത്തിൽ പരിശുദ്ധ കന്യകമറിയാത്തെ അനേകം പര്യായ നാമങ്ങളാൽ വിശേഷിപ്പിക്കുന്നു: ജീവിക്കുന്ന നിയമപെട്ടകം, വിശുദ്ധ കൂടാരം, വചനത്തിന്റെ ആലയം,സ്വർഗ്ഗീയ സിംഹാസനം എന്നൊക്കെയാണ്.

പ്രത്യേകിച്ച് മാർ അപ്രേം സുറിയാനി പിതാവ് തന്റെ ഗാനങ്ങളിൽ മറിയത്തെ "മന്നായെ വഹിച്ച പെട്ടകത്തേക്കാൾ മഹത്തായ പെട്ടകം" എന്നു വിശേഷിപ്പിക്കുന്നു. കാരണം അവൾ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ യഥാർത്ഥ ജീവന്റെ അപ്പത്തെ വഹിച്ചവളാണ്.

വി. ദൈവമാതാവിന്റെ നിയോഗം എല്ലാ വിശ്വാസികൾക്കും ഒരു വിളിയാണ്. പരിശുദ്ധാത്മാവ് നമ്മുടെ ജീവിതത്തെ ദൈവത്തിന്റെ വാസസ്ഥലമാക്കുവാൻ ആഗ്രഹിക്കുന്നു.

പരിശുദ്ധ മാതാവിന്റെ വാക്കുപോലെ : "നിന്റെ വചനപ്രകാരം എനിക്കു ഭവിക്കട്ടെ." (വി. ലൂക്കോസ് 1:38).

ഈ സമർപ്പണമാണ് അവളെ ദൈവത്തിന്റെ ജീവനുള്ള ആലയമാക്കിയത്. സഭയും ഓരോ വിശ്വാസിയും ക്രിസ്തുവിനെ ലോകത്തിലേക്കു വഹിക്കുന്ന പുതിയ നിയമപെട്ടകങ്ങളാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

പുറപ്പാട് 40:34 ൽ സമാഗമനകൂടാരത്തിന്മേൽ ഇറങ്ങിയ ദൈവമഹത്വം,വി.ലൂക്കോസ് 1:35ൽ പരിശുദ്ധ മറിയത്തിന്മേൽ പരിശുദ്ധാത്മാവിന്റെ നിഴലായി പൂർണതപ്രാപിക്കുന്നു. പഴയ നിയമത്തിലെ മേഘംകൂടാരത്തെ മൂടി; പുതിയ നിയമത്തിൽ ദൈവത്തിന്റെ ശക്തി വി. ദൈവമാതാവിനെ നിഴലിച്ചു. പഴയ നിയമപെട്ടകം ദൈവത്തിന്റെ നിയമത്തിന്റെ അടയാളമായിരുന്നു; മറിയം വചനം ജഢമായി മാറിയ യേശുക്രിസ്തുവിനെ വഹിച്ച പുതിയ നിയമപെട്ടകമാണ്.

അതുകൊണ്ട് പരിശുദ്ധ കന്യകാമറിയം പഴയ നിയമത്തിന്റെ ഒരു പ്രതീകം മാത്രമല്ല; ദൈവം മനുഷ്യരോടുകൂടെ വസിക്കുവാൻ തിരഞ്ഞെടുത്ത ജീവിക്കുന്ന വിശുദ്ധ ആലയമാണ്. ജീവന്റെ അപ്പത്തെയും നിത്യ പൗരോഹിത്യത്തെയും പേറുന്ന പുതിയ നിയമത്തിന്റെ നിയപെട്ടകമാണ്.



# എന്തേ, ഇങ്ങനെ...



പ്രൊഫ. ലിജു റ്റി വർഗ്ഗീസ്
തടത്തിൽ പ്ലാവിളയിൽ

ഇന്ന് നാം ജീവിക്കുന്ന കാലഘട്ടം സാങ്കേതികവിദ്യയുടെയും അറിവിന്റെയും കാര്യത്തിൽ അഭൂതപൂർവമായ പുരോഗതി കൈവരിച്ചതാണെങ്കിലും, ധാർമ്മികതയുടെയും മൂല്യങ്ങളുടെയും കാര്യത്തിൽ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കുടുംബ ബന്ധങ്ങളുടെ ശോഷണം, സത്യസന്ധതയുടെ അഭാവം, ലൈംഗിക അധാർമ്മികതയുടെ വർധന, ആത്മകേന്ദ്രിത ബോധത്തിന്റെ ആധിക്യം എന്നിവ ആധുനിക സമൂഹത്തിന്റെ മുഖമുദ്രകളായി മാറിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, വിശുദ്ധ ബൈബിൾ ആധുനിക തലമുറയിലെ മൂല്യച്യുതിയെ എങ്ങനെ വീക്ഷിക്കുന്നു എന്നും അതിനുള്ള പരിഹാരമായി എന്താണ് നിർദേശിക്കുന്നത് എന്നും പരിശോധിക്കാം.

### അന്ത്യകാലത്തെക്കുറിച്ചുള്ള പ്രവചനം

ആധുനിക തലമുറയിലെ ധാർമ്മിക തകർച്ചയെക്കുറിച്ച് ബൈബിൾ രണ്ടായിരം വർഷങ്ങൾക്ക് മുമ്പുതന്നെ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അപ്പോസ്തലനായ പൗലോസ് തിമോത്തിയോസിന് എഴുതിയ ലേഖനത്തിൽ ഇങ്ങനെ പ്രവചിക്കുന്നു: 'അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക' (2 തിമോത്തിയോസ് 3:15).

ഈ വചനങ്ങൾ ഇന്നത്തെ സമൂഹത്തിന്റെ കണ്ണാടിയാണ്. 'സ്വന്തത്തെ സ്നേഹിക്കുന്നവർ' എന്നത് ആത്മകേന്ദ്രിത തലത്തെയും നാർസിസിസത്തിന്റെ ആധിക്യത്തെയും സൂചിപ്പിക്കുന്നു. 'ദ്രവ്യാഗ്രഹികൾ' എന്നത് ഭൗതികവാദത്തിന്റെ ആരാധനയെയും, 'മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ' എന്നത് കുടുംബമൂല്യങ്ങളുടെ തകർച്ചയെയും വെളിപ്പെടുത്തുന്നു.

ബൈബിളിലെ ന്യായാധിപന്മാരുടെ പുസ്തകത്തിൽ ഇസ്രായേലിന്റെ ഒരു കാലഘട്ടത്തെ വർണ്ണിക്കുന്നു: 'അക്കാലത്തു യിസ്രായേലിൽ രാജാവില്ലായിരുന്നു; ഓരോരുത്തൻ ബോധിച്ചതുപോലെ നടന്നു.' (ന്യായാധിപന്മാർ 17:6). ഇത് സാമൂഹികവും ധാർമ്മികവുമായ അരാജകത്വത്തിലേക്ക് നയിച്ചു. ഇന്നത്തെ ലോകവും സമാനമായ അവസ്ഥയിലാണ്" ദൈവികമായ ധാർമ്മിക നിയമങ്ങളെ തള്ളിപ്പറഞ്ഞ് ഓരോരുത്തരും തങ്ങൾക്ക് ബോധിച്ചത് ചെയ്യുന്ന കാലഘട്ടം.

### മൂല്യച്യുതിയുടെ അടിസ്ഥാന കാരണം

അടിസ്ഥാന കാരണം ദൈവത്തെ മറക്കുന്നു എന്നതാണ്. റോമർ 1:18-32 ഈ സത്യം വിശദമായി വിവരിക്കുന്നു. മനുഷ്യർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ബഹുമാനിക്കാതിരിക്കുകയും നന്ദി കാണിക്കാതിരിക്കുകയും ചെയ്തപ്പോൾ, അവരുടെ ചിന്തകൾ വ്യർത്ഥമാവുകയും ബുദ്ധിഹീനമായ ഹൃദയം ഇരുണ്ടുപോകുകയും ചെയ്തു.

ദൈവത്തെ തിരസ്കരിക്കുന്നതിന്റെ ഫലമായി ദൈവം മനുഷ്യരെ അവരുടെ ഹൃദയമോഹങ്ങൾക്ക് വിട്ടുകൊടുത്തു അത് ലൈംഗിക അധാർമ്മികത, വിഗ്രഹാരാധന, വിവിധതരം ദുഷ്പ്രവൃത്തികൾ എന്നിവയിലേക്ക് നയിച്ചു. ഈ ദൈവിക 'ഉപേക്ഷ' ആണ് മൂല്യച്യുതിയുടെ ആത്യന്തിക കാരണം ദൈവത്തെ അംഗീകരിക്കാൻ വിസമ്മതിക്കുമ്പോൾ, ദൈവം മനുഷ്യരെ അവരുടെ ദുഷിച്ച ആഗ്രഹങ്ങൾക്ക് വിട്ടുകൊടുക്കുന്നു. മൂല്യച്യുതിയുടെ മറ്റൊരു കാരണം സത്യത്തെ അടിച്ചമർത്തലാണ്. 'ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു' (റോമർ 1:25). ഇന്ന് നാം കാണുന്നത് കേവല സത്യത്തെ നിഷേധിക്കുകയും ധാർമ്മിക ആപേക്ഷികതയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു സംസ്കാരത്തെയാണ്. ഈ പോസ്റ്റ്മോഡേൺ ചിന്താഗതി ബൈബിൾ വിളിക്കുന്ന 'മതഭ്രംശം' (apostasy) തന്നെയാണ്" വേദപുസ്തക ഉപദേശങ്ങൾ പൊതുവായി പരിഹസിക്കപ്പെടുകയും തള്ളിക്കളയപ്പെടുകയും ചെയ്യുന്ന കാലഘട്ടം.



മൂല്യച്യുതിയുടെ പ്രകടനങ്ങൾ നമുക്ക് വിവിധ തലങ്ങളിൽ കാണാം. ആധുനിക സമൂഹത്തിലെ ഏറ്റവും വ്യക്തമായ പ്രവണത ആത്മാരാധനയാണ് (self-idolatry). 'സെൽഫി' സംസ്കാരം, സോഷ്യൽ മീഡിയയിലെ ആത്മപ്രദർശനം, 'ഞാൻ' എന്നതിനെ കേന്ദ്രീകരിച്ചുള്ള ജീവിതശൈലി എന്നിവ ഇതിന്റെ പ്രകടനങ്ങളാണ്. ബൈബിൾ ഇതിനെ 'സ്വന്തത്തെ സ്നേഹിക്കുന്നവർ' എന്ന് വിളിക്കുന്നു.

ഇന്നത്തെ സമൂഹത്തിൽ മൂല്യച്യുതി എത്രത്തോളം ഗുരുതരമായ അവസ്ഥയിലെത്തിയിരിക്കുന്നു എന്നതിന്റെ വേദനാജനകമായ ഉദാഹരണമാണ് ആലപ്പുഴയിലെ കരുവാറ്റയിൽ നടന്ന കൊലപാതകവുമായി ബന്ധപ്പെട്ട് പുറത്തുവന്ന വിവരങ്ങൾ. 2026 ഓഗസ്റ്റ് 15ന് നടന്ന സംഭവത്തിൽ, സ്വന്തം വല്യച്ഛനെ കൊലപ്പെടുത്തി സ്വർണം കവർന്ന കേസിൽ എട്ടാം ക്ലാസ്സിൽപഠിക്കുന്ന 13 വയസ്സുകാരിയുൾപ്പെടെയുള്ള കൗമാരക്കാർക്ക് പങ്കുണ്ടെന്ന പൊലീസ് കണ്ടെത്തൽ സമൂഹത്തെ ഞെട്ടിക്കുന്നതാണ്. കൂടാതെ പണത്തിനും പ്രതികാരത്തിനും വേണ്ടി പത്താം ക്ലാസ് വിദ്യാർത്ഥികൾ സ്വന്തം പ്രധാനാധ്യാപികയെ 27 തവണ കുത്തിക്കൊലപ്പെടുത്തി എന്ന വാർത്ത, നമ്മുടെ സമൂഹത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഭയാനകമായ മൂല്യച്യുതിയുടെ (Deteriorating values)മറ്റൊരു നേർക്കാഴ്ചയാണ്. വളരെ ചെറിയ പ്രായത്തിൽ തന്നെ പണത്തിനോടുള്ള അമിതമായ ആർത്തി കുട്ടികളെ എത്രത്തോളം അന്ധരാക്കുന്നുവെന്നും, പണത്തിന് വേണ്ടി ഏത് ക്രൂരകൃത്യം ചെയ്യാനും അവർ മടിക്കുന്നില്ല എന്നും ഇത് വ്യക്തമാക്കുന്നു. കുട്ടികളിലെ അതിരുവിട്ട പ്രതികാരചിന്തയും മറ്റൊരാളുടെ ജീവനോ വേദനയോ മനസ്സിലാക്കാനുള്ള സഹാനുഭൂതിയുടെ (Empathy) പൂർണ്ണമായ അഭാവവും ഇതിൽ വ്യക്തമാണ്.

കുട്ടികൾ ഇത്തരം ക്രിമിനൽ ചിന്തകളിലേക്ക് വഴിമാറുന്നത് സമൂഹത്തിന്റെയും രക്ഷകർത്താക്കളുടെയും പരാജയം കൂടിയാണ്. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തേക്കാൾ (Value-based education) മാർക്കിനും ഭൗതിക വിജയങ്ങൾക്കും മാത്രം പ്രാധാന്യം നൽകുന്ന ഇന്നത്തെ സാമൂഹിക രീതികൾ ഇത്തരം മൂല്യച്യുതികൾക്ക് കാരണമാകുന്നുണ്ട്.

കുടുംബപ്രശ്നങ്ങൾ, അവഗണന, മോശം കൂട്ടുകെട്ടുകൾ, ലഹരി, അക്രമപരമായ സാഹചര്യങ്ങൾ എന്നിവ കുട്ടികളുടെ ജീവിതത്തെ എങ്ങനെ തെറ്റായ വഴിയിലേക്ക് നയിക്കാമെന്നതും ഈ സംഭവം വ്യക്തമാക്കുന്നു. ഇത്തരം സംഭവങ്ങളെ കുട്ടികളുടെ കുറ്റമായി മാത്രം കാണാതെ, കുടുംബത്തിന്റെയും വിദ്യാലയത്തിന്റെയും സമൂഹത്തിന്റെയും ഉത്തരവാദിത്തമായി കൂടി കാണണം. സ്നേഹം, കരുതൽ, ധാർമികബോധം, സഹാനുഭൂതി, ഉത്തരവാദിത്തബോധം തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ ഇത്തരം മൂല്യച്യുതികളെ തടയാനാകൂ. ഈ സംഭവം അതുകൊണ്ട് ഒരു കുറ്റകൃത്യം മാത്രമല്ല; നമ്മുടെ സാമൂഹിക മൂല്യബോധത്തിന് മുന്നറിയിപ്പ് നൽകുന്ന സംഭവമാണ്.

## മാനസാന്തരത്തിലേക്കുള്ള ആഹ്വാനം

മൂല്യച്യുതി അനിവാര്യമായ ഒരു വിധിയല്ല; അത് മാനസാന്തരത്തിലൂടെ പരിഹരിക്കാവുന്നതാണ്. യെശയ്യാവ് പ്രവാചകൻ പറയുന്നു: 'നന്മ ചെയ്‌വാൻ പഠിപ്പിൻ; ന്യായം അന്വേഷിപ്പിൻ; പീഡിപ്പിക്കുന്നവനെ നേർവ്വഴിക്കാക്കുവിൻ; അനാഥന്നു ന്യായം നടത്തിക്കൊടുപ്പിൻ; വിധവെക്കു വേണ്ടി വ്യവഹരിപ്പിൻ.'(യെശയ്യാവ് 1:17). ദൈവികമായ ധാർമ്മിക നിലവാരങ്ങളിലേക്ക് മടങ്ങിവരാൻ ബൈബിൾ ആഹ്വാനം ചെയ്യുന്നു.

മൂല്യച്യുതിക്കുള്ള പരിഹാരം ധാർമ്മിക പുനരുദ്ധാരണം മാത്രമല്ല, ആത്മീയ പുനർജന്മമാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ ഒരു പുതിയ സൃഷ്ടിയാകുന്നതാണ് യഥാർത്ഥ പരിവർത്തനം. ബാഹ്യമായ ധാർമ്മികത മാത്രം പോരാ; ഹൃദയത്തിന്റെ മാറ്റം ആവശ്യമാണ്. ആധുനിക തലമുറയിലെ മൂല്യച്യുതിയെ ചെറുക്കുന്നതിൽ സഭയ്ക്ക് നിർണായക പങ്കുണ്ട്. എന്നാൽ സഭ തന്നെ ലോകത്തിന്റെ സ്വാധീനത്തിൽ അകപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. ബൈബിൾ വീക്ഷണം നിലനിർത്തിക്കൊണ്ട്, സ്നേഹത്തോടും സത്യത്തോടും കൂടി അടുത്ത തലമുറയ്ക്ക് മാതൃകയാകാൻ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരിക്കുന്നു

## ചേർത്തുപിടിക്കാം...

ആധുനിക തലമുറയിലെ മൂല്യച്യുതി ഒരു യാഥാർത്ഥ്യമാണ്"അത് ബൈബിൾ പ്രവചിച്ചതും ഇന്ന് നാം പ്രത്യക്ഷമായി കാണുന്നതുമായ ഒരു പ്രതിഭാസം. എന്നാൽ ബൈബിൾ നിരാശ മാത്രമല്ല, പ്രതീക്ഷയും നൽകുന്നു. ദൈവത്തിലേക്ക് തിരിഞ്ഞ്, അവന്റെ ധാർമ്മിക നിയമങ്ങൾ അംഗീകരിച്ച്, യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ പുതുജീവൻ പ്രാപിക്കുന്നതാണ് മൂല്യച്യുതിക്കുള്ള ശാശ്വതമായ പരിഹാരം.

അടിസ്ഥാന ജീവിതമൂല്യങ്ങളുടെ ശോഷണവും, കുടുംബങ്ങളുടെ ശിഥിലതയും, ലഹരിയുടെ വ്യാപനവും, ഇന്റർനെറ്റിന്റെ ദുരുപയോഗവുമാണ് ഈ ആപൽസാഹചര്യങ്ങളിലേക്ക് വാതിൽ തുറക്കുന്നത്. 'ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധനാകുമ്പോഴും അതു വിട്ടുമാറുകയില്ല' (സദൃശവാക്യങ്ങൾ 22:6) എന്ന അടിസ്ഥാന പ്രമാണം ഇന്നത്തെ തലമുറയിൽ പലപ്പോഴും പ്രാവർത്തികമാകുന്നില്ല. ദൈവഭയവും ധാർമ്മിക മൂല്യങ്ങളും പകർന്നുനൽകുന്നതിൽ കുടുംബങ്ങൾ പരാജയപ്പെടുമ്പോൾ, ലഹരിയും തെറ്റായ സ്വാധീനങ്ങളും ആ ശൂന്യത നികത്തുന്നു.

ഈ പ്രശ്നങ്ങൾ അധ്യാപകരോ മാതാപിതാക്കളോ മാത്രം വിചാരിച്ചാൽ പരിഹരിക്കാൻ കഴിയുന്നവയല്ല. സമൂഹത്തിന്റെ സജീവമായ പങ്കാളിത്തവും ശാസ്ത്രീയമായ സമീപനങ്ങളും ആവശ്യമാണ്. പാപിയെ വെറുക്കാതെ പാപത്തെ വെറുക്കുക എന്നതാണല്ലോ ബൈബിൾ ഭാഷ്യം. ' ഒരു മനുഷ്യൻ വല്ലതെറ്റിലും അകപെട്ടുപോയെങ്കിൽ ആത്മികരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ; നീയും പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക' (ഗലാത്യർ 6:1) എന്ന് ബൈബിൾ നിർദ്ദേശിക്കുന്നു. കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടുകഴിഞ്ഞ കുട്ടികളെ ഒറ്റപ്പെടുത്തുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതിനുപകരം, കാണാതെപോയ ആടിനെ തേടിയിറങ്ങിയ നല്ല ഇടയനെപ്പോലെ അവരെ ചേർത്തുനിർത്തണം. അവരുടെ അടിസ്ഥാനപ്രശ്നങ്ങൾ കണ്ടെത്തി സ്നേഹപൂർണ്ണവും ശാസ്ത്രീയവുമായ പരിഹാരം കാണാൻ നാം ശ്രമിക്കണം. കുട്ടികളിലെ അരാജകപ്രവണതകൾ തടയുന്നതിൽ നമുക്കു സംഭവിച്ച വീഴ്ചകളെക്കുറിച്ചുള്ള പശ്ചാത്താപമായിരിക്കണം ഇനി ഈ സമൂഹത്തെ മുന്നോട്ടു നയിക്കേണ്ടത്. സമയമത്രയും അതിക്രമിച്ചിരിക്കുന്നതിനാൽ ഇനിയൊരു നിമിഷം പോലും നാം മടിച്ചുനിൽക്കരുത്. ഭരണകൂടവും നിയമപാലകരും അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥി പ്രസ്ഥാനങ്ങളും സന്നദ്ധപ്രവർത്തകരും ഒരുമിച്ച് അണിനിരക്കുന്ന ഒരു വൻ മുന്നേറ്റം ഇതിനായി ഇനിയും ഉയർന്നു വരേണ്ടതുണ്ട്.

ചോർന്നുപോയ ധാർമ്മിക മൂല്യങ്ങളെ തിരികെപ്പിടിച്ച് നമ്മുടെ തലമുറയെ കാത്തുസൂക്ഷിക്കേണ്ടത് വെറുമൊരു സാമൂഹിക ഉത്തരവാദിത്തം മാത്രമല്ല, വരുന്ന തലമുറകളോടുള്ള ദൈവികമായ കടമ കൂടിയാണ്. മൂല്യച്യുതിയുടെ ഈ കാലഘട്ടത്തിൽ, ദൈവത്തിലേക്ക് മടങ്ങി അവനൊരുക്കിയ സത്യപാതയിലൂടെ സഞ്ചരിക്കാൻ ഓരോ തലമുറയും വിളിക്കപ്പെട്ടിരിക്കുന്നു. അതുമാത്രമാണ് യഥാർത്ഥ പ്രത്യാശയിലേക്കുള്ള വഴി.



# സത്യം നിങ്ങളെ സ്വതന്ത്രരാക്കും!

റാണി തോമസ്
പാർവേലിൽ ജ്യോതിസ്

എഴുന്നേൽക്കൂ, ഉണരൂ, ലക്ഷ്യം കാണും വരെ ലക്ഷ്യത്തിൽ നിന്നും പിൻമാറരുത് സ്വാമി വിവേകാനന്ദന്റെ വാക്കുകളാണ് ഇത്. ആത്മീയ ഉറക്കത്തിലേക്ക് വഴുതിപ്പോകുന്ന ആധുനിക യുവതയത്തിനോടുള്ള ആഹ്വാനമായി ഇതിനെ ദർശിക്കാം. പാപത്തിന്റെയും കുറ്റബോധത്തിന്റെയും ചങ്ങലകളിൽ കിടന്ന് നശിക്കാനുള്ളവരല്ല നിങ്ങൾ സമൂഹത്തിന് നിങ്ങളുടെ കർമ്മശേഷി ആവശ്യമാണ്. രാഷ്ട്രം നിങ്ങളുടെ ധൈര്യവും പ്രവർത്തന മികവും ആഗ്രഹിക്കുന്നു. മാതാപിതാക്കൾ നിങ്ങളെക്കുറിച്ച് സ്വപ്നം കാണുന്നു.

ഇന്ന് നാം ജീവിക്കുന്നത് പടർന്ന സ്വാതന്ത്ര്യമുള്ള ലോകത്താണ് എന്ന് നാം ഭാവിക്കുന്നു, എന്നാൽ ആധുനിക തലമുറ യഥാർത്ഥത്തിൽ സ്വതന്ത്രരാണോ? സ്മാർട്ട് ഫോണിന്റെ അൽഗോരിതങ്ങൾക്കും, സോഷ്യൽ മീഡിയയിലെ താൽക്കാലിക ലൈക്കുകൾക്കും, വിപണി സംസ്കാരത്തിന്റെ അനാവശ്യ പ്രലോഭനങ്ങൾക്കും ലഹരിയുടെ കാണാ ചരടുകൾക്കും അടിമകളല്ലേ ഇന്നു പലരും. മഹാത്മാ ഗാന്ധി ഒരിക്കൽ പറഞ്ഞു 'സ്വാതന്ത്ര്യം എന്നത് തെറ്റുകൾ വരുത്താനുള്ള സ്വാതന്ത്ര്യം കൂടി ഉൾപ്പെട്ടതാണെങ്കിൽ അതിന് മൂല്യമില്ല.' യഥാർത്ഥ സ്വാതന്ത്ര്യം എന്നത് തോന്നിയതുപോലെ ജീവിക്കലല്ല മറിച്ച് ജീവിക്കേണ്ടതുപോലെ ജീവിക്കാനുള്ള ആത്മീയ കരുത്താണ്. ക്രിസ്തു നമ്മോട് ഇപ്രകാരം പറയുന്നു 'ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു' (യോഹ 14:6)

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സാങ്കേതിക തിളക്കത്തിൽ നിൽക്കുന്ന നമ്മോട് ക്രിസ്തു പറയുന്നു 'സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും' (യോഹ 8:32). കാലഘട്ടത്തെ അതിജീവിച്ച് ഇന്നും മുഴങ്ങുന്ന ഒരു വിപ്ലവ കാഹളമാണിത്. സർക്കസ് കൂടാരത്തിലെ ആനക്കുട്ടിയെ ചെറുപ്പത്തിൽ ഒരു ചെറിയ ഇരുമ്പുചങ്ങലയിൽ തളച്ചിടുന്നു എത്ര ശ്രമിച്ചിട്ടും അതിന് ആ ചങ്ങല പൊട്ടിക്കാൻ കഴിയുന്നില്ല കാലം കടന്നുപോയി അത് ഒരു ഭീമൻ ആനയായി മാറി ഒരു വലിയ മരം പോലും വേരോടെ പിഴുതെറിയുവാൻ അതിന് ശേഷിയുണ്ട്. എന്നാൽ ഇന്നും അത് ചെറിയ ചങ്ങലയിൽ അനങ്ങാതെ നിൽക്കുന്നു. കാരണം തന്റെ ശക്തിയെക്കുറിച്ചുള്ള സത്യം ആന തിരിച്ചറിഞ്ഞില്ല. നമ്മളിൽ പലരും ഈ സർക്കസ് ആനയെപ്പോലെയാണ്. നമ്മുക്കു പക്കലുള്ളതിനെക്കുറിച്ച് ചിന്തിക്കാതെ, നമ്മിലില്ലാത്തതിനെക്കുറിച്ച് വ്യാകുലപ്പെടുന്നു.

ഇന്നത്തെ തലമുറ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി 'FOMO' (Fear of Missing Out) അഥവാ മറ്റുള്ളവരെക്കാൾ പിന്നിലായി പോകുമോ എന്ന ഭയം 'നിങ്ങൾ സൂര്യനെ പോലെ തിളങ്ങണമെങ്കിൽ ആദ്യം സൂര്യനെ പോലെ കത്തണം' ( APJ അബ്ദുൾ കലാം). ആത്മീയ അച്ചടക്കമാണ് ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം വ്യാജമായ ആകർഷണങ്ങളിൽ വീഴാതെ ദൈവമാകുന്ന സത്യത്തെ മുറുകെ പിടിക്കുക ക്രിസ്തു തരുന്ന സ്വാതന്ത്ര്യത്തിൽ അഭിമാനിക്കുക.

മനുഷ്യരാശിയെ ഒന്നായി കാണാനും അതിരുകളില്ലാത്ത വിശ്വമാനവികതയുമാണ് യഥാർത്ഥ സ്വാതന്ത്ര്യം. പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ നേരിടുന്ന അനീതികൾക്കെതിരായി ലോകവ്യാപകമായി ശബ്ദമുയർത്തുന്നതിൽ ഇന്നത്തെ യുവാക്കൾ മുന്നിലാണ് എല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു ലോകമാണ് അവരുടെ സ്വാതന്ത്ര്യ സങ്കല്പം. മനസ്സിന്റെ അടിമത്തത്തിൽ നിന്നുള്ള മോചനമാണ് വലിയ മുക്തി സ്വന്തം സമാധാനത്തിനു വേണ്ടി 'നോ' പറയാൻ അവർ ശീലിച്ചിരിക്കുന്നു. മാറ്റങ്ങൾക്കായി സോഷ്യൽ മീഡിയായിലൂടെയും ശബ്ദമുയർത്താനും അവർ മടിക്കുന്നില്ല. ബാഹ്യമായ നിയന്ത്രണങ്ങളിൽ നിന്നുള്ള മോചനത്തേക്കാൾ വ്യക്തിയുടെ ആന്തരിക വളർച്ചയ്ക്കാണ് പ്രാധാന്യം നാം നൽകേണ്ടത്.

സ്വാതന്ത്ര്യത്തിലേക്ക് നടന്നു നീങ്ങുമ്പോൾ ഉള്ളിലെ കൈപ്പും വിദ്വേഷവും പുറത്തുപേക്ഷിച്ചില്ലെങ്കിൽ വീണ്ടും നാം ആ തടവറയിൽ തന്നെയായിരിക്കും. ലോകത്തെ ഭയപ്പെടാതെ, പ്രതിസന്ധികളിൽ തളരാതെ, ദൈവമക്കൾ എന്ന യഥാർത്ഥ സ്വാതന്ത്ര്യത്തോടെ വിശുദ്ധിയിൽ വളരാം. ആകാശത്തോളം ഉയരത്തിൽ ചിറകടിച്ചു പറക്കാൻ വചനമെന്ന സത്യം നമ്മെ ശക്തരാക്കും.





# റോഡിനപ്പുറം ഒരു യാത്ര ഉള്ളിലേക്കും...



ജസ്റ്റിൻ വി സണ്ണി
വാറുകുന്നത്ത്

ചില ദിവസങ്ങളിൽ നമുക്ക് എവിടെയും പോകാൻ തോന്നില്ല.ആരോടും സംസാരിക്കാൻ തോന്നില്ല. എന്തു കൊണ്ടാണ് മനസ്സ് ഇങ്ങനെ ഭാരപ്പെട്ടിരിക്കുന്നതെന്ന് പോലും മനസ്സിലാകില്ല. ജോലിയുടെ സമ്മർദ്ദം, ബന്ധങ്ങളിലെ പ്രശ്നങ്ങൾ," പരാജയങ്ങൾ, പ്രതീക്ഷകൾക്കൊത്ത് ഉയരാൻ കഴിയാത്തതിന്റെ നിരാശ, ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ ഓരോ ദിവസവും നമ്മൾ ചുമക്കുന്ന ചില അദൃശ്യ ഭാരങ്ങളുണ്ട്. അങ്ങനെയൊരു ദിവസം, ബൈക്കിന്റെ താക്കോൽ എടുത്ത് ഹെൽമറ്റ് ധരിച്ച് റോഡിലേക്ക് ഇറങ്ങുക. എവിടേക്കാണ് പോകുന്നതെന്ന് കൃത്യമായി തീരുമാനിക്കേണ്ടതില്ല. ആരെയെങ്കിലും കാണാൻ വേണ്ടിയുമല്ല. ഒരു ലക്ഷ്യം നേടാനുമല്ല. വെറുതെ യാത്ര ചെയ്യുക. നഗരത്തിന്റെ തിരക്കുകൾ പിന്നിലാകുമ്പോൾ, കാറ്റ് മുഖത്ത് തട്ടുമ്പോൾ, ചുറ്റുമുള്ള കാഴ്ചകൾ പതിയെ മാറുമ്പോൾ നമ്മളും അറിയാതെ മാറിത്തുടങ്ങും. റോഡിലൂടെ മുന്നോട്ട് പോകുമ്പോൾ ചില ചിന്തകൾ പിന്നിലാകും. ചില യാത്രകൾ സ്ഥലങ്ങളിലേക്കല്ല, നമ്മളിലേക്കാണ് യാത്രയുടെ ഏറ്റവും വലിയ സൗന്ദര്യം പുതിയ സ്ഥലങ്ങൾ കാണുന്നതിലല്ല. നമ്മളെ നമ്മൾ തന്നെ വീണ്ടും കണ്ടെത്തുന്നതിലാണ്.

നമ്മുടെ ജീവിതത്തിൽ ചില സമയങ്ങളിൽ മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്കാണ് നമ്മൾ കൂടുതൽ പ്രാധാന്യം നൽകുന്നത്. ആരെങ്കിലും എന്ത് ചിന്തിക്കും? ഞാൻ വിജയിച്ചോ? ഞാൻ പരാജയപ്പെട്ടോ? എന്റെ ജീവിതം മറ്റുള്ളവരുടേതിനേക്കാൾ പിന്നിലാണോ?സോഷ്യൽ മീഡിയയിൽ മറ്റുള്ളവരുടെ ജീവിതം കാണുമ്പോൾ പോലും നമ്മുടേത് അപൂർണ്ണമാണെന്ന് തോന്നാം.പക്ഷേ, ഒരു നീണ്ട ബൈക്ക് റൈഡിനിടെ ഫോൺ പോക്കറ്റിലിട്ട്, കുറച്ചുനേരത്തേക്ക് ലോകത്തിന്റെ ശബ്ദങ്ങളിൽ നിന്ന് അകന്നുനിൽക്കുമ്പോൾ ഒരു കാര്യം മനസ്സിലാകും: നമ്മുടെ ജീവിതം മറ്റാരുടേതുമായും മത്സരിക്കേണ്ടതില്ല. ഓരോരുത്തരുടെയും യാത്രയ്ക്ക് അതിന്റേതായ വേഗമുണ്ട്. ഒരു "ബൈക്ക് റൈഡ്"" ഒരു ചെറിയ തെറാപ്പി, ബൈക്ക് റൈഡ് ചെയ്യുമ്പോൾ നമുക്ക് മുന്നിലുള്ള റോഡിലാണ് ശ്രദ്ധ. വളവുകൾ വരും. കയറ്റങ്ങൾ വരും. ഇറക്കങ്ങൾ വരും. ചിലപ്പോൾ നല്ല റോഡ്. ചിലപ്പോൾ കുഴികൾ. ജീവിതവും അതുപോലെയാണ്. എല്ലാ ദിവസവും ഒരുപോലെ ആയിരിക്കില്ല. ചില ദിവസങ്ങളിൽ എല്ലാം നമ്മുടെ നിയന്ത്രണത്തിലായിരിക്കും. മറ്റു ചില ദിവസങ്ങളിൽ ഒന്നും ശരിയായി പോകുന്നില്ലെന്ന് തോന്നും. പക്ഷേ റോഡ് നമ്മളെ പഠിപ്പിക്കുന്ന ഒരു വലിയ പാഠമുണ്ട്: വഴി മോശമായതുകൊണ്ട് യാത്ര അവസാനിപ്പിക്കേണ്ടതില്ല. വേഗം കുറച്ച് മുന്നോട്ട് പോകാം. ജീവിതത്തിലും അതുതന്നെയാണ് വേണ്ടത്. എല്ലാ പ്രശ്നങ്ങൾക്കും ഉടൻ പരിഹാരം കണ്ടെത്തേണ്ടതില്ല. ചിലപ്പോൾ കുറച്ചുനേരം നിർത്തി ശ്വാസമെടുക്കുന്നതും ഒരു വിജയമാണ്.

Destination അല്ല, Journey ആണ് പ്രധാനം നമ്മൾ പലപ്പോഴും ജീവിതത്തെ ലക്ഷ്യങ്ങളായി മാത്രം കാണുന്നു. ഒരു ജോലി വേണം. ഒരു വീട് വേണം. ഒരു നല്ല ശമ്പളം വേണം. ഒരു നല്ല ജീവിതം വേണം. ലക്ഷ്യങ്ങൾ ആവശ്യമാണ്. പക്ഷേ ലക്ഷ്യത്തിലെത്തുന്നതുവരെ ജീവിക്കാൻ മറന്നുപോകരുത്. ഒരു യാത്രയിൽ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനെക്കാൾ വഴിയരികിലെ ചെറിയ ചായക്കടയിൽ നിർത്തി കുടിക്കുന്ന ഒരു ചായ ചിലപ്പോൾ കൂടുതൽ ഓർമ്മയായി മാറും. റോഡരികിലെ ഒരു മനോഹരമായ കാഴ്ച. അപരിചിതനായ ഒരാളുടെ പുഞ്ചിരി. മഴയുടെ ഗന്ധം. സൂര്യാസ്തമയം. ഒരു ചെറിയ ഗ്രാമം. വഴിയരികിലെ പച്ചപ്പ്. ഇവയൊക്കെയാണ് യാത്രയെ യാത്രയാക്കുന്നത്. ജീവിതവും അങ്ങനെ തന്നെയാണ്. ലക്ഷ്യത്തിലെത്തുന്നതുവരെ കാത്തിരുന്നാൽ ജീവിതത്തിലെ ഏറ്റവും മനോഹരമായ നിമിഷങ്ങൾ പലതും നമുക്ക് നഷ്ടപ്പെടും. ഒറ്റയ്ക്കുള്ള യാത്ര ഏകാന്തതയല്ല ഒറ്റയ്ക്ക് യാത്ര ചെയ്യുന്നത് പലർക്കും ഭയമാണ്. പക്ഷേ ചിലപ്പോൾ ഒറ്റയ്ക്ക് പോകേണ്ടത് ആവശ്യമാണ്. കാരണം, മറ്റുള്ളവരുടെ ശബ്ദങ്ങളിൽ നിന്ന് അകന്നുനിൽക്കുമ്പോഴാണ് നമ്മുടെ സ്വന്തം ശബ്ദം കേൾക്കാൻ കഴിയുന്നത്. "എനിക്ക് യഥാർത്ഥത്തിൽ എന്താണ് വേണ്ടത്?" "ഞാൻ സന്തോഷവാനാണോ?" "ഞാൻ പോകുന്ന വഴി എന്റെതാണോ?" "എനിക്ക് മാറ്റേണ്ടത് എന്താണ്?" ഇത്തരം ചോദ്യങ്ങൾക്ക് ചിലപ്പോൾ ഒരു പുസ്തകത്തിനും, ഒരു ഉപദേശത്തിനും നൽകാൻ കഴിയാത്ത ഉത്തരങ്ങൾ ഒരു നീണ്ട യാത്ര നൽകും.

യാത്ര കഴിഞ്ഞ് വീട്ടിലേക്ക് തിരികെ വരുമ്പോൾ പ്രശ്നങ്ങൾ എല്ലാം തീർന്നിട്ടുണ്ടാകണമെന്നില്ല. അതേ ജോലി. അതേ ഉത്തരവാദിത്വങ്ങൾ. അതേ പ്രശ്നങ്ങൾ. പക്ഷേ നമ്മൾ മാറിയിട്ടുണ്ടാകും. പ്രശ്നങ്ങൾ ഇല്ലാതായതുകൊണ്ടല്ല. അവയെ നേരിടാനുള്ള നമ്മുടെ മനസ്സ് കുറച്ചുകൂടി ശക്തമായതുകൊണ്ടാണ്. ചിലപ്പോൾ ജീവിതത്തിൽ വേണ്ടത് വലിയൊരു മാറ്റമല്ല. ഒരു ദിവസം സ്വയം മാറ്റിവെക്കുക. ബൈക്ക് എടുത്ത് പുറത്തേക്ക് പോകുക. ഫോൺ കുറച്ചുനേരം മാറ്റിവെക്കുക. കാറ്റിനൊപ്പം സഞ്ചരിക്കുക. ഒരു കപ്പ് ചായ കുടിക്കുക. അസ്തമയത്തെ നോക്കിനിൽക്കുക. പിന്നെ സ്വയം ചോദിക്കുക: "ഇനി നമുക്ക് മുന്നോട്ട് പോകാമല്ലേ?" ഉത്തരം ഒരുപക്ഷേ അതെ എന്നായിരിക്കും. കാരണം ചില യാത്രകൾ നമ്മെ ഒരു പുതിയ സ്ഥലത്തേക്ക് കൊണ്ടുപോകുന്നില്ല. അവ നമ്മളെ പഴയ നമ്മളിൽ നിന്ന് പുതിയ നമ്മളിലേക്കാണ് കൊണ്ടുപോകുന്നത്. റോഡ് നീളട്ടെ, മനസ്സ് ലഘുവാകട്ടെ, യാത്ര തുടരട്ടെ.





**SHERIN SARA SAMUEL**
KANJIRAMNILKKUNATHIL

# A SONG OF SIMPLE JOY

Like a feather soft upon the heart,
A cheerful morning makes its start!
We sweep the heavy clouds away,
And sing a song of joy today.
Like a brook that leaps and flows along,
We dance and hum a happy song.
Like golden sun on leaves of green,
We light up every quiet scene.
Find simple joy in little things—
In open flowers and wind with wings.
For every day's a gift so brand-new,
A bright parade meant just for you!
Catch the rhythm of the bird,
The sweetest music ever heard.
And in the dew of early dawn,
See magic before the morning's gone.
Forget the fears of yesterday,
And throw your worries far away.
Just share a smile, let delight run free,
And be as glad as you can be!
Let laughter bounce from wall to wall,
Standing steady, proud, and tall.
With every step across the ground,
Spread happy echoes all around.
Unwrap the hours with open eyes,
And chase the blue across the skies.
For life is rich and sweet and deep,
With endless memories to keep!



# മനുഷ്യനിലെ നന്മ: ദൈവസാന്നിധ്യത്തിന്റെ ദൃശ്യമായ മുഖം

**അലീന ടി അനിൽ**
**തടത്തിൽ കിഴക്കേതിൽ**



മനുഷ്യജീവിതത്തിന്റെ ആഴത്തിലുള്ള അർത്ഥത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, മനുഷ്യന്റെ മഹത്വം അവൻ സ്വന്തമാക്കുന്ന സമ്പത്തിലോ അധികാരത്തിലോ പ്രശസ്തിയിലോ മാത്രം അളക്കാനാവില്ലെന്ന തിരിച്ചറിവിൽ നിന്ന് അവന്റെ സ്നേഹിക്കാനുള്ള കഴിവിലും, കരുണ കാണിക്കുന്ന ഹൃദയത്തിലും, മറ്റൊരാളുടെ വേദനയെ സ്വന്തം വേദനയായി അനുഭവിക്കുന്ന മനസ്സിലും ആണ്.നന്മ വെറും ഒരു സാമൂഹിക ധാർമ്മികതയല്ല; അത് മനുഷ്യനിൽ പ്രതിഫലിക്കുന്ന ദൈവിക ഭാവത്തിന്റെ ഒരു സാക്ഷ്യമാണ്.

വിശുദ്ധ വേദപുസ്തകം മനുഷ്യനെക്കുറിച്ച് പറയുന്നത് അവൻ ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവനാണെന്നാണ് (ഉല്പത്തി 1:26-27). അതുകൊണ്ടുതന്നെ മനുഷ്യന്റെ ഉള്ളിലുള്ള സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രയജയം എന്നി ആത്മാവിന്റെ ഒൻപത് ഫലങ്ങൾ (ഗലാത്യർ 5:22-23) കേവലം മനുഷ്യഗുണങ്ങൾ മാത്രമായി കാണാൻ കഴിയുനവയല്ല മറിച്ച് ദൈവത്തിൽ നിന്നുള്ള വിളിയുടെ മനുഷ്യജീവിതത്തിലെ പ്രതിഫലനങ്ങളാണ്. "ദൈവം സ്നേഹമാണ്"" എന്ന യോഹന്നാന്റെ സാക്ഷ്യം (1 യോഹന്നാൻ 4:8) മനുഷ്യന്റെ നന്മയെക്കുറിച്ചുള്ള ക്രിസ്തീയ ചിന്തയുടെ അടിസ്ഥാനപ്രഖ്യാപനമായി മാറുന്നു.

### *1. നന്മ: ദൈവസ്നേഹത്തിന്റെ മനുഷ്യരൂപം*

ക്രിസ്തീയ വിശ്വാസത്തിൽ ദൈവസ്നേഹവും മനുഷ്യസ്നേഹവും പരസ്പരം വേർതിരിക്കാനാവാത്തവയാണ്. യേശുക്രിസ്തു തന്റെ ഏറ്റവും വലിയ കല്പനയായ ദൈവസ്നേഹത്തോടൊപ്പം "നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" എന്ന കല്പനയും മുന്നോട്ടുവയ്ക്കുന്നു (മത്തായി 22:37-40). അതുകൊണ്ട് ദൈവത്തെസ്നേഹിക്കുന്നു എന്ന് അവകാശപ്പെടുകയും മനുഷ്യന്റെ വേദനയോട് അനാസക്തനാവുകയും ചെയ്യുന്നത് ക്രിസ്തീയ വിശ്വാസത്തിന്റെ ആത്മാവിനോട് വിരുദ്ധമാണ്.വിശുദ്ധ യോഹന്നാൻ അപ്പൊസ്തലൻ അതിനെ വളരെ വ്യക്തമായി പറയുന്നുണ്ട് : "താൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും തന്റെ സഹോദരനെ പകയ്ക്കുകയും ചെയ്യുന്നവൻ കള്ളനാണ്"(1 യോഹന്നാൻ 4:20).അതിനാൽ ദൈവസ്നേഹത്തിന്റെ യഥാർത്ഥ പരീക്ഷണം ആരാധനയുടെ വാക്കുകളിൽ മാത്രമല്ല, മനുഷ്യനോടുള്ള നമ്മുടെ സമീപനം കൂടിയാണ്.

ഇവിടെയാണ് നന്മയ്ക്ക് ഒരു ആഴത്തിലുള്ള ദൈവശാസ്ത്രപരമായ അർത്ഥം ലഭിക്കുന്നത്. ഒരു മനുഷ്യന്റെ കണ്ണുനീർ കാണുമ്പോൾ നമ്മുടെ ഹൃദയം ചലിക്കുന്നത്, വിശക്കുന്നവന് ഭക്ഷണം നൽകുന്നത്, ഏകാന്തനായവന്റെ അരികിൽ ഇരിക്കുന്നത്, വീണുപോയവനെ ഉയർത്തുന്നത്, തെറ്റ് ചെയ്തവനോട് ക്ഷമിക്കുന്നത് ഇവയെല്ലാം ദൈവസ്നേഹം മനുഷ്യജീവിതത്തിൽ പ്രവർത്തിക്കുന്ന നിമിഷങ്ങളാണ്.

### *2. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവിക നന്മ*

ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രം യേശുക്രിസ്തുവാണ്. ക്രിസ്തുവിൽ ദൈവത്തിന്റെ സ്നേഹം ഒരു ആശയമായി മാത്രം നിലകൊള്ളുന്നില്ല; അത് മനുഷ്യചരിത്രത്തിൽ ജീവിതമായി വെളിപ്പെടുന്നു."വചനം ജഡമായി തീർന്നു" (യോഹന്നാൻ 1:14) എന്ന പ്രഖ്യാപനം മനുഷ്യനോടുള്ള ദൈവത്തിന്റെ അടുപ്പത്തിന്റെ പരമാവധി പ്രകടനമാണ്. മനുഷ്യന്റെ ദു:ഖത്തിൽ നിന്ന് അകന്നു നിൽക്കുന്ന ദൈവമല്ല ക്രിസ്തീയ വിശ്വാസത്തിലെ ദൈവം. മനുഷ്യന്റെ ജീവിതത്തിലേക്ക് ഇറങ്ങിവന്ന് മനുഷ്യന്റെ ദു:ഖം ഏറ്റെടുക്കുകയും, രോഗികളെ സൗഖ്യമാക്കുകയും, വിശക്കുന്നവരെ പോഷിപ്പിക്കുകയും, പാപികളെയും സമൂഹം പുറന്തള്ളിയവരെയും സമീപിക്കുകയും ചെയ്യുന്ന ദൈവമാണ് നമുക്കുള്ളത്.

ക്രിസ്തുവിന്റെ നല്ല ശമര്യാക്കാരന്റെ ഉപമ (ലൂക്കോസ് 10:25–37) നന്മയുടെ ക്രിസ്തീയ മാതൃകയെ അതീവ ശക്തമായി അവതരിപ്പിക്കുന്നു. വഴിയിൽ കിടന്ന മനുഷ്യനെ കണ്ടവർ കടന്നുപോയപ്പോൾ ശമര്യാക്കാരൻ അവന്റെ അരികിൽ നിൽക്കുന്നു. അവൻ അന്യനായിരുന്നു; എന്നിരുന്നാലും അവന്റെ വേദന മനുഷ്യവേദനയായിരുന്നു. അവൻ മതം, ജാതി, സാമൂഹിക സ്ഥാനം എന്നിവയുടെ മതിലുകൾക്കപ്പുറം മനുഷ്യനെ കണ്ടു. അതുകൊണ്ടുതന്നെ ക്രിസ്തു ചോദിക്കുന്ന അയൽക്കാരൻ ആരാണ്? എന്ന ചോദ്യത്തിന് ഉത്തരം മനുഷ്യന്റെ തിരിച്ചറിവിലല്ല, മറ്റൊരാളുടെ വേദനയോട് അവൻ കാണിക്കുന്ന കരുണയിലാണ്.

മത്തായി 25:31-46 -ൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിന്റെ ഉപദേശം നന്മയുടെ ദൈവശാസ്ത്രത്തിന് അതുല്യമായ ആഴം നൽകുന്നു. വിശക്കുന്നവന് ഭക്ഷണം നൽകുക, ദാഹിക്കുന്നവന് കുടിക്കാൻ നൽകുക, അന്യനെ സ്വീകരിക്കുക, രോഗിയെ സന്ദർശിക്കുക, ആവശ്യത്തിലിരിക്കുന്നവനെ പരിചരിക്കുക എന്നിവയെ ക്രിസ്തു തന്നോടുള്ള പ്രവൃത്തികളായി കണക്കാക്കുന്നു.

"എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കുതന്നെ ചെയ്തു"" (മത്തായി 25:40) എന്ന ക്രിസ്തുവിന്റെ വാക്കുകൾ മനുഷ്യനോടുള്ള നമ്മുടെ സമീപനത്തെ തന്നെ മാറ്റിമറിക്കുന്നു.ഇവിടെ ഒരു വലിയ ദൈവശാസ്ത്രസത്യം വെളിപ്പെടുന്നു: മനുഷ്യനെ ശുശ്രൂഷിക്കുന്നത് ക്രിസ്തുവിനെ ശുശ്രൂഷിക്കുന്നതിൽ നിന്ന് വേർതിരിക്കാനാവില്ല. അതുകൊണ്ട് ദൈവത്തെ അന്വേഷിക്കുന്നവൻ മനുഷ്യനെ അവഗണിക്കരുത്. ദൈവസ്നേഹത്തിന്റെ ദൃശ്യമായ രൂപമാണ് മനുഷ്യസ്നേഹം.

### 3.ദൈവത്തിന്റെ സ്വത്ത് : മനുഷ്യന്റെ കാര്യസ്ഥത

ക്രിസ്തീയ ദൈവശാസ്ത്രത്തിൽ സൃഷ്ടിയുടെ ഉടമസ്ഥത ദൈവത്തിനാണ്. "ഭൂമിയും അതിലുള്ള സകലവും യഹോവയ്ക്കുള്ളത്" (സങ്കീർത്തനം 24:1) എന്ന സങ്കീർത്തനക്കാരന്റെ പ്രഖ്യാപനം മനുഷ്യന്റെ ഉടമസ്ഥതാബോധത്തെ തിരുത്തുന്നു.

മനുഷ്യൻ സൃഷ്ടിയുടെ പരമാധികാരിയായ ഉടമയല്ല; അവൻ കാര്യസ്ഥനാണ്. സമയം, കഴിവ്, സമ്പത്ത്, അറിവ്, അധികാരം ഇവയെല്ലാം ദൈവം മനുഷ്യന് കൊടുത്തിരിക്കുന്ന ഉത്തരവാദിത്വങ്ങളാണ്. അതിനാൽ "എനിക്കുള്ളത് എന്റെ തു മാത്രം എന്ന മനോഭാവത്തിൽ നിന്ന് "എനിക്കുള്ളതിലൂടെ മറ്റൊരാൾക്ക് എന്ത് നന്മ ചെയ്യാൻ കഴിയും" എന്ന ഉത്തരവാദിത്വത്തിലേക്ക് മനുഷ്യൻ വളരേണ്ടതുണ്ട്.

ഇതാണ് ക്രിസ്തീയ പരോപകാരത്തിന്റെ ആഴം. മറ്റൊരാൾക്ക് നൽകുമ്പോൾ നാം നമ്മുടെതിൽ നിന്ന് എന്തോ നഷ്ടപ്പെടുത്തുന്നു എന്നതല്ല ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്നതിനെ അതിന്റെ യഥാർത്ഥ ലക്ഷ്യത്തിലേക്ക് തിരിച്ചുനൽകുകയാണ് നാം ചെയ്യുന്നത്.

### 4.നന്മയും ക്രിസ്തീയ പരിപൂർണ്ണതയും

ക്രിസ്തീയ നന്മ വെറും സാമൂഹിക മര്യാദയല്ല. അത് മനുഷ്യന്റെ ആന്തരിക രൂപാന്തരത്തിന്റെ ഫലമാണ്. ക്രിസ്തുവിൽ മനുഷ്യൻ പുതുസൃഷ്ടിയാകുമ്പോൾ (2 കൊരിന്ത്യർ 5:17), അവന്റെ ഹൃദയത്തിൽ സ്നേഹം, ക്ഷമ, കരുണ, ദയ, സൗമ്യത തുടങ്ങിയ ഗുണങ്ങൾ വളരുന്നു.

ഗലാത്യർ 5:22–23ൽ വിശുദ്ധ പൗലോസ് പറയുന്ന ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം തുടങ്ങിയവ ക്രിസ്തീയ നന്മയുടെ ആത്മീയ അടിത്തറയാണ്.അതിനാൽ നന്മയെ വെറും പുറമേയുള്ള പ്രവൃത്തികളായി കാണുന്നത് അപൂർണ്ണമാണ്. ഒരാൾ ദാനം ചെയ്യുമ്പോഴും അവന്റെ ഹൃദയത്തിൽ അഹങ്കാരവും അവജ്ഞയും നിറഞ്ഞിരിക്കാം. മറുവശത്ത്, ചെറിയൊരു സഹായം സ്നേഹത്തോടെ ചെയ്യുന്ന ഒരാളിൽ ക്രിസ്തുവിന്റെ ആത്മാവിന്റെ സാന്നിധ്യം കൂടുതൽ വ്യക്തമായി പ്രകടമാകാം. പ്രവൃത്തിയുടെ വലുപ്പത്തേക്കാൾ അതിനു പിന്നിലുള്ള ഹൃദയത്തിന്റെ സ്നേഹമാണ് ക്രിസ്തീയ നന്മയുടെ അളവുകോൽ.

### 5.നന്മ: മനുഷ്യന്റെ ദൈവിക വിളി

മനുഷ്യൻ ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവനാണെങ്കിൽ, അവന്റെ ജീവിതത്തിന്റെ ലക്ഷ്യം സ്വാർത്ഥമായ ആത്മസംതൃപ്തിയിൽ അവസാനിക്കുന്നില്ല. ദൈവത്തിന്റെ സ്നേഹം സ്വീകരിക്കുകയും അതിനെ മറ്റുള്ളവരിലേക്ക് പകരുകയും ചെയ്യുക എന്നതാണ് അവന്റെ വിളി.

നന്മ ചെയ്യുന്നതിൽ നാം മടുത്തുപോകരുത്" (ഗലാത്യർ 6:9) എന്ന പൗലോസിന്റെ ആഹ്വാനം ഇന്നും പ്രസക്തമാണ്. നന്മയ്ക്ക് ഉടൻ പ്രതിഫലം ലഭിക്കണമെന്നില്ല. ചിലപ്പോൾ നാം ചെയ്ത നന്മ ആരും കാണുകയില്ല. ചിലപ്പോൾ നന്ദിയും ലഭിക്കുകയില്ല. എന്നാൽ ക്രിസ്തീയ നന്മയുടെ മൂല്യം മനുഷ്യരുടെ പ്രശംസയിൽ അധിഷ്ഠിതമല്ല.കാരണം നന്മ ചെയ്യുമ്പോൾ മനുഷ്യൻ തന്റെ ഉള്ളിൽ ദൈവത്തിന്റെ സ്വരൂപത്തെ കൂടുതൽ വ്യക്തമായി പ്രകടമാക്കുകയാണ്.

### 6. നന്മ: സ്വർണ്ണനാവുകാരനായ ഇവാനിയോസിന്റെ ദർശനം (St. John Chrysostom)

സഭാ പിതാക്കന്മാരിൽ മനുഷ്യസ്നേഹത്തിനും ദരിദ്രരോടുള്ള കരുണയ്ക്കും വലിയ പ്രാധാന്യം നൽകിയ വ്യക്തിയാണ് മാർ ഇവാനിയോസ്. ' ദരിദ്രന്റെ ശരീരം ക്രിസ്തുവിന്റെ ശരീരമാണ്' എന്ന അദ്ദേഹത്തിന്റെ വാക്കുകളാണ്. അതുകൊണ്ടുതന്നെ ക്രിസ്തു സാന്നിധ്യം വിശുദ്ധ കുർബാനയിൽ മാത്രം അന്വേഷിക്കുന്നതിന് പുറമേ സഹായം ആവശ്യമുള്ള മനുഷ്യനിലും കാണണമെന്ന് ഇവാനിയോസ് ഓർമിപ്പിക്കുന്നു.ദേവാലയത്തിൽ നിന്ന് പ്രാർത്ഥിച്ചിറങ്ങി വാതുക്കൽ നിൽക്കുന്ന വേദനിക്കുന്ന മനുഷ്യനെ കാണാതെ കടന്നു പോകുമ്പോൾ നമ്മുടെ ആരാധനയുടെ ആത്മാവിനെ കുറിച്ച് നാം സ്വയം ചിന്തിക്കണം.

ഇവാനിയോസിന്റെ ധനത്തെയും ദാരിദ്ര്യത്തെയും കുറിച്ചുള്ള പ്രസംഗങ്ങളിൽ, സമ്പത്തിന്റെ ഉടമസ്ഥതയെക്കാൾ അതിന്റെ ഉത്തരവാദിത്വപരമായ ഉപയോഗത്തിനാണ് അദ്ദേഹം പ്രാധാന്യം നൽകുന്നത്. മനുഷ്യന് ലഭിച്ച സമ്പത്ത് സ്വാർത്ഥ ഉപഭോഗത്തിനുള്ള അവകാശം മാത്രമല്ല; ആവശ്യത്തിലിരിക്കുന്ന സഹോദരനോടുള്ള ഉത്തരവാദിത്വവുമാണ്. നമ്മുടെ കൈവശമുള്ളതെല്ലാം ദൈവത്തിന്റെ ദാനമാണെങ്കിൽ, നാം അതിന്റെ ഉടമകൾ മാത്രമല്ല, കാര്യസ്ഥന്മാരും ആണ്. ഈ ചിന്ത വിശുദ്ധ പൗലോസിന്റ "കാര്യസ്ഥന്മാരിൽ വിശ്വസ്തത കാണപ്പെടണം" (1 കൊരിന്ത്യർ 4:2) എന്ന പഠിപ്പിക്കലുമായി ചേർന്നുനിൽക്കുന്നു.ദരിദ്രരുമായി സമ്പത്ത് പങ്കിടാതിരിക്കുന്നത് അവരുടെ ജീവിതാവശ്യങ്ങളിൽ നിന്ന് അവരെ വഞ്ചിക്കുന്നതിനു തുല്യമാണ് എന്നാണ് ഇവാനിയോസ് പറയുന്നത് .

ഇവിടെ ഇവാനിയോസ് സമ്പത്തിനെ തന്നെ പാപമെന്ന് പ്രഖ്യാപിക്കുന്നില്ല; മറിച്ച് സമ്പത്തിനോടുള്ള മനുഷ്യന്റെ ബന്ധത്തെയാണ് ചോദ്യം ചെയ്യുന്നത്. സമ്പത്ത് മനുഷ്യനെ സേവിക്കുമ്പോൾ അത് അനുഗ്രഹമായി മാറുന്നു; എന്നാൽ മനുഷ്യൻ സമ്പത്തിന്റെ അടിമയാകുമ്പോൾ അത് ആത്മീയ ദാരിദ്ര്യത്തിന് കാരണമാകുന്നു. അദ്ദേഹത്തിന്റെ ചിന്തയിൽ യഥാർത്ഥ സമ്പന്നൻ അനവധി വസ്തുക്കൾ സ്വന്തമാക്കിയവനല്ല;കുറച്ചു മാത്രം ഉള്ളവനായി സംതൃപ്തനായി ജീവിക്കാനും തന്റെ കൈവശമുള്ളത് മറ്റുള്ളവരുമായി പങ്കിടാനും കഴിയുന്നവനാണ്.

### 7.നന്മ :ഇന്നത്തെ ലോകത്തിൽ

ശാസ്ത്രവും സാങ്കേതികവിദ്യയും മനുഷ്യന് അത്ഭുതകരമായ ശക്തികൾ നൽകിയിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ സാങ്കേതിക പുരോഗതിക്ക് അനുസരിച്ച് മനുഷ്യഹൃദയം വളരുന്നില്ലെങ്കിൽ ആ പുരോഗതി അപൂർണ്ണമാണ്. വിവരങ്ങൾ വർധിച്ചിട്ടും വിവേകം കുറയാം. ബന്ധപ്പെടാനുള്ള മാർഗങ്ങൾ വർധിച്ചിട്ടും ഹൃദയങ്ങൾ തമ്മിലുള്ള അകലം വർധിക്കാം. സമ്പത്ത് വർധിച്ചിട്ടും പങ്കിടാനുള്ള മനസ്സ് കുറയാം. അതുകൊണ്ടുതന്നെ ഇന്നത്തെ സമൂഹത്തിന് അറിവുള്ള മനുഷ്യരെക്കാൾ അറിവിനൊപ്പം കരുണയുള്ള മനുഷ്യരെയാണ് ആവശ്യമുള്ളത്.

ഒരു വാക്കിലൂടെ തകർന്ന ഹൃദയത്തിന് പ്രതീക്ഷ നൽകുക, ഏകാന്തനായ ഒരാളുടെ വാക്കുകൾ ശ്രദ്ധയോടെ കേൾക്കുക, തെറ്റിയവനെ അപമാനിക്കുന്നതിന് പകരം തിരുത്താൻ സഹായിക്കുക, കഴിവുള്ളിടത്ത് ആവശ്യക്കാരനെ സഹായിക്കുക ഇവ ചെറിയ പ്രവൃത്തികളായി തോന്നിയാലും ക്രിസ്തീയ ജീവിതത്തിന്റെ യഥാർത്ഥ സാക്ഷ്യങ്ങളാണ്. നന്മയ്ക്ക് എല്ലായ്പ്പോഴും വലിയ വേദികൾ ആവശ്യമില്ല. ചിലപ്പോൾ ഒരു പുഞ്ചിരി, ഒരു ആശ്വാസവാക്ക്, ഒരു ക്ഷമ, ഒരു കൈത്താങ്ങ് ഇവയാണ് ഒരാളുടെ ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹങ്ങളായി മാറുന്നത്.

### *ഉപസംഹാരം*

മനുഷ്യന്റെ മഹത്വം അവൻ ജീവിതത്തിൽ എത്രമാത്രം സ്വന്തമാക്കി എന്നതിൽ മാത്രമല്ല; അവൻ എത്രമാത്രം നൽകി എന്നതിലാണ്. അവൻ എത്രപേരെ കീഴടക്കി എന്നതിലല്ല; എത്രപേരെ ഉയർത്തി എന്നതിലാണ്. അവൻ എത്രമാത്രം പ്രശസ്തനായി എന്നതിലല്ല; അവന്റെ സാന്നിധ്യം എത്ര ഹൃദയങ്ങൾക്ക് ആശ്വാസമായി എന്നതിലാണ്.

ക്രിസ്തീയ ദൈവശാസ്ത്രത്തിൽ ദൈവത്തെ സ്നേഹിക്കുന്നതും മനുഷ്യനെ സ്നേഹിക്കുന്നതും വേർതിരിക്കാനാവാത്ത യാഥാർത്ഥ്യങ്ങളാണ്. വിശുദ്ധ വേദപുസ്തകം മനുഷ്യനെ ദൈവത്തിന്റെ സ്വരൂപമായി കാണുന്നു; ക്രിസ്തു ആവശ്യത്തിലിരിക്കുന്ന മനുഷ്യനിൽ തന്നെ കാണാൻ നമ്മെ പഠിപ്പിക്കുന്നു; വിശുദ്ധനായ മാർ ഇവാനിയോസ് സമ്പത്തിനെ മനുഷ്യന്റെ സ്വാർത്ഥതയ്ക്കല്ല, സഹോദരന്റെ നന്മയ്ക്കായി ഉപയോഗിക്കേണ്ട ദൈവിക ഉത്തരവാദിത്വമായി ഓർമ്മിപ്പിക്കുന്നു.
അതുകൊണ്ട് ദൈവത്തെ അന്വേഷിക്കുന്നവൻ ആദ്യം മനുഷ്യന്റെ കണ്ണുകളിലേക്ക് നോക്കാൻ പഠിക്കണം. അവന്റെ കണ്ണീരിൽ വേദന കാണണം; അവന്റെ വിശപ്പിൽ ദൈവത്തിന്റെ വിളി കേൾക്കണം; അവന്റെ ഏകാന്തതയിൽ നമ്മുടെ സാന്നിധ്യത്തിന്റെ ആവശ്യകത തിരിച്ചറിയണം; അവന്റെ സന്തോഷത്തിൽ അസൂയയില്ലാതെ പങ്കുചേരണം.

ഒരു മനുഷ്യന്റെ കണ്ണുനീർ തുടയ്ക്കുന്ന കൈകൾ ചിലപ്പോൾ പ്രാർത്ഥിക്കുന്ന കൈകളേക്കാൾ ശക്തമായ സാക്ഷ്യം വഹിക്കുന്നു. വിശക്കുന്നവന് അപ്പം നൽകുന്ന കൈകൾ, വീണുപോയവനെ ഉയർത്തുന്ന കൈകൾ, രോഗിയുടെ അരികിൽ പരിചരിക്കുന്ന കൈകൾ, ക്ഷമിക്കാൻ നീളുന്ന കൈകൾ ഇവയെല്ലാം ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ദൃശ്യമായ ഭാഷകളാണ്. മനുഷ്യനെ സ്നേഹിക്കാതെ ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയാനാവില്ല. മനുഷ്യനിൽ ദൈവത്തിന്റെ സ്വരൂപം കാണാതെ ദൈവത്തിന്റെ സൃഷ്ടിയെ പൂർണ്ണമായി മനസ്സിലാക്കാനാവില്ല.

അതിനാൽ മനുഷ്യനിലെ നന്മ വെറും ഒരു ധാർമ്മിക ഗുണമല്ല; അത് ദൈവ സ്നേഹത്തിന്റെ മനുഷ്യജീവിതത്തിലെ പ്രതിഫലനമാണ്. മനുഷ്യൻ മറ്റൊരാളുടെ വേദനയിൽ പങ്കുചേരുമ്പോൾ, അവൻ തന്റെ ഉള്ളിലെ ദൈവസ്വരൂപത്തെ വെളിപ്പെടുത്തുന്നു. മറ്റൊരാളെ ഉയർത്തുമ്പോൾ, അവൻ ക്രിസ്തുവിന്റെ ശുശ്രൂഷയിൽ പങ്കാളിയാകുന്നു. മറ്റൊരാളുമായി പങ്കിടുമ്പോൾ, അവൻ ദൈവം ഏൽപ്പിച്ച കാര്യസ്ഥത വിശ്വസ്തമായി നിർവഹിക്കുന്നു.

അതിനാൽ മനുഷ്യനിലെ നന്മ തന്നെയാണ് അവന്റെ യഥാർത്ഥ മഹത്വം; മനുഷ്യനോടുള്ള സ്നേഹത്തിലാണ് ദൈവസ്നേഹത്തിന്റെ സത്യസാക്ഷ്യം;നന്മ ചെയ്യുന്ന മനുഷ്യനിൽ ദൈവികത പ്രകാശിക്കുന്നു. നന്മയുള്ള മനുഷ്യൻ ദൈവത്തിന്റെ ഏറ്റവും മനോഹരമായ സൃഷ്ടിയാണ്; കാരണം അവന്റെ നന്മയിലൂടെ സൃഷ്ടാവിന്റെ സ്നേഹത്തിന്റെ സൗന്ദര്യം ലോകം കാണുന്നു."



# അഞ്ച് മിനിറ്റ് തീരുമാനം



**ജോബി മാത്യു**
**കളർനിൽക്കുന്നതിൽ**

യുവത്വം സ്വപ്നങ്ങളുടെയും സാധ്യതകളുടെയും കാലമാണ്. ജീവിതത്തിൽ പുതിയ വഴികൾ കണ്ടെത്താനും, പുതിയ സ്വപ്നങ്ങൾ കാണാനും, ദൈവം നൽകിയ കഴിവുകൾ തിരിച്ചറിഞ്ഞ് മുന്നോട്ട് പോകാനും കഴിയുന്ന മനോഹരമായ കാലഘട്ടം.

പഠനം, ജോലി, സൗഹൃദങ്ങൾ, പ്രണയം, കരിയർ, കുടുംബം, ഭാവി ഓരോ ദിവസവും നമ്മൾ നിരവധി തീരുമാനങ്ങൾ എടുക്കുന്നു. ചില തീരുമാനങ്ങൾ ചെറിയതായിരിക്കും; എന്നാൽ ചിലത് നമ്മുടെ ജീവിതത്തിന്റെ ദിശ തന്നെ മാറ്റിയേക്കാം. യുവത്വത്തിൽ ഏറ്റവും വലിയ വെല്ലുവിളി എന്താണ്? ശരിയും തെറ്റും തിരിച്ചറിഞ്ഞ്, ശരിയായത് തിരഞ്ഞെടുക്കുക.

ചുറ്റുമുള്ളവരുടെ സ്വാധീനം, കൂട്ടുകാരുടെ സമ്മർദ്ദം, പ്രലോഭനങ്ങൾ, സ്വന്തം ആഗ്രഹങ്ങൾ, ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ ഇവയ്ക്കിടയിൽ പലപ്പോഴും നമുക്ക് പെട്ടെന്ന് തീരുമാനങ്ങൾ എടുക്കേണ്ടിവരുന്നു.അപ്പോഴാണ് "അഞ്ച് മിനിറ്റ് തീരുമാനം" എന്ന ആശയം പ്രസക്തമാകുന്നത്.

ഒരു തീരുമാനം എടുക്കേണ്ടിവരുമ്പോൾ ഉടൻ പ്രതികരിക്കാതെ അഞ്ച് മിനിറ്റ് നിൽക്കുക.ആ അഞ്ച് മിനിറ്റിൽ ആദ്യം ദൈവത്തോട് പ്രാർത്ഥിക്കുക. കർത്താവേ, ഞാൻ എടുക്കുന്ന തീരുമാനം ശരിയാണോ എന്ന് തിരിച്ചറിയാനുള്ള ജ്ഞാനം എനിക്ക് തരണമേ. എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഹിതം തിരിച്ചറിയാൻ എന്നെ സഹായിക്കണമേ. എന്ന് പ്രാർത്ഥിക്കുക.പിന്നീട് സ്വയം ചില ചോദ്യങ്ങൾ ചോദിക്കുക: ഈ തീരുമാനം എന്നെ നല്ലൊരു വ്യക്തിയാക്കുമോ? ഇത് എന്റെ വിശ്വാസത്തെ ശക്തമാക്കുമോ? എന്റെ കുടുംബത്തിനും സുഹൃത്തുക്കൾക്കും ഇതിലൂടെ നന്മയുണ്ടാകുമോ? ഇത് ദൈവഹിതത്തിന് വിരുദ്ധമാണോ? ഇന്നത്തെ ഈ തീരുമാനം നാളത്തെ എന്റെ ജീവിതത്തെ എങ്ങനെ സ്വാധീനിക്കും? ഈ അഞ്ച് മിനിറ്റ് ചിലപ്പോൾ നമ്മുടെ ജീവിതത്തിലെ വലിയ തെറ്റുകളിൽ നിന്ന് നമ്മെ രക്ഷിച്ചേക്കാം. കോപത്തിൽ ഒരു വാക്ക് പറയുന്നതിന് മുമ്പ് അഞ്ച് മിനിറ്റ് നിശ്ശബ്ദരാകാം. തെറ്റായ ഒരു സൗഹൃദത്തിലേക്ക് പോകുന്നതിന് മുമ്പ് അതിന്റെ ഫലം ചിന്തിക്കാം.ഒരു പ്രലോഭനം മുന്നിൽ വരുമ്പോൾ ഉടൻ വഴങ്ങാതെ പ്രാർത്ഥിക്കാം.സോഷ്യൽ മീഡിയയിൽ എന്തെങ്കിലും കണ്ടപ്പോൾ ഉടൻ പ്രതികരിക്കാതെ കുറച്ച് സമയം ചിന്തിക്കാം.

അഞ്ച് മിനിറ്റ് എന്നത് വെറും കാത്തിരിപ്പല്ല; ചിന്തിക്കാനും പ്രാർത്ഥിക്കാനും ദൈവഹിതം തിരിച്ചറിയാനുമുള്ള സമയമാണ്.യുവത്വത്തിൽ എടുക്കുന്ന ചെറിയ തീരുമാനങ്ങൾ പോലും ഭാവിയെ രൂപപ്പെടുത്തുന്നു. ഒരു നല്ല സൗഹൃദം നമ്മെ ഉയർത്താം. ഒരു നല്ല ശീലം നമ്മുടെ ഭാവിയെ ശക്തമാക്കാം. അതുപോലെ ഒരു തെറ്റായ തീരുമാനം നമ്മെ ദൈവത്തിൽ നിന്നും നമ്മുടെ ലക്ഷ്യത്തിൽനിന്നും അകറ്റിയേക്കാം. അതുകൊണ്ട് ഓരോ യുവാവും ഒരു ശീലം വളർത്തിയെടുക്കണം: ആദ്യം നിൽക്കുക. പിന്നെ ചിന്തിക്കുക.പ്രാർത്ഥിക്കുക.ദൈവവചനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുക.അതിനുശേഷം പ്രവർത്തിക്കുക. പഠിക്കാൻ മടിയാകുമ്പോൾ, അഞ്ച് മിനിറ്റ് പഠിച്ചുതുടങ്ങാം. പ്രാർത്ഥിക്കാൻ മടിയാകുമ്പോൾ, "അഞ്ച് മിനിറ്റ് ദൈവസന്നിധിയിൽ ഇരിക്കാം."ബൈബിൾ വായിക്കാൻ മടിയാകുമ്പോൾ, "ഒരു വചനം വായിച്ചുതുടങ്ങാം."

ഒരു നല്ല കാര്യം തുടങ്ങാൻ പോലും അഞ്ച് മിനിറ്റ് മതിയാകും. എന്നാൽ വിവാഹം, ജോലി, പഠനം, ജീവിതപങ്കാളിയെ തിരഞ്ഞെടുക്കൽ തുടങ്ങിയ വലിയ തീരുമാനങ്ങൾ അഞ്ച് മിനിറ്റിൽ തീർക്കണമെന്നല്ല ഈ ആശയം പറയുന്നത്. അത്തരം തീരുമാനങ്ങൾക്ക് പ്രാർത്ഥനയും മാതാപിതാക്കളുടെ ഉപദേശവും ആത്മീയ മാർഗനിർദേശവും സമയവും ആവശ്യമാണ്.

അഞ്ച് മിനിറ്റ് എന്നത് തിടുക്കത്തിൽ നിന്ന് മാറിനിൽക്കാനുള്ള ഒരു ശീലമാണ്. ലോകം പറയുന്നതെല്ലാം ശരിയല്ല. സുഹൃത്തുക്കൾ ചെയ്യുന്നതെല്ലാം നമുക്കും ചെയ്യേണ്ടതില്ല. എല്ലാവരും പോകുന്ന വഴിയിലൂടെ തന്നെ നാം പോകണമെന്നില്ല.

നമ്മുടെ തീരുമാനങ്ങൾക്ക് ഒരു മാനദണ്ഡം വേണം ദൈവവചനം, പ്രാർത്ഥന, വിവേകം, നല്ല ഉപദേശം. ബൈബിൾ നമ്മെ ഓർമ്മിപ്പിക്കുന്നു: 'ജ്ഞാനമുള്ളവരുടെ ഹൃദയം സമയത്തെയും ന്യായവിധിയും അറിയുന്നു' ( സഭാപ്രസംഗി 8:5 ). അതുകൊണ്ട് അടുത്ത തവണ ഒരു തീരുമാനം മുന്നിൽ വരുമ്പോൾ ഉടൻ പ്രതികരിക്കേണ്ടതില്ല.

**അഞ്ച് മിനിറ്റ് നിൽക്കാം.**
**അഞ്ച് മിനിറ്റ് പ്രാർത്ഥിക്കാം.**
**അഞ്ച് മിനിറ്റ് ചിന്തിക്കാം.**

ദൈവവചനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കാം.
പിന്നെ ശരിയായത് തിരഞ്ഞെടുക്കാം.
കാരണം ചിലപ്പോൾ നമ്മുടെ ജീവിതത്തിന് വേണ്ടത് വലിയൊരു മാറ്റമല്ല ശരിയായ തീരുമാനം എടുക്കാൻ വേണ്ട അഞ്ച് മിനിറ്റ് മാത്രമാണ്. യുവത്വം സ്വപ്നങ്ങൾ കാണാനുള്ള കാലം മാത്രമല്ല. ദൈവഹിതം തിരിച്ചറിഞ്ഞ്, ശരിയായ തീരുമാനങ്ങളിലൂടെ ആ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാനുള്ള കാലം കൂടിയാണ്. നമ്മുടെ ഓരോ തീരുമാനവും ദൈവത്തെ മഹത്വപ്പെടുത്തുന്നതാകട്ടെ.നമ്മുടെ ജീവിതം മറ്റുള്ളവർക്ക് അനുഗ്രഹമാകട്ടെ. നമ്മുടെ യുവത്വം ക്രിസ്തുവിനോടൊപ്പം വളരട്ടെ. അഞ്ചു മിനിറ്റ്..... നിൽക്കാം,"പ്രാർത്ഥിക്കാം,"ചിന്തിക്കാം,"ശരിയായ തീരുമാനം എടുക്കാം.

# നാവ് എന്ന തീ



**റൂബി ബെന്നി**
**തോട്ടത്തിൽ മേലേതിൽ**

'നാവ് അടങ്ങാത്ത ദോഷം: മരണകരമായ വിഷം നിറഞ്ഞത് ' (യാക്കോബ് 3:8)

മറ്റ് ലേഖനങ്ങളിൽ ഒന്നും എഴുതിയിട്ടില്ലാത്ത ചില പ്രധാന പെട്ട കാര്യങ്ങൾ യാക്കോബ് അപ്പോസ്തോലൻ തന്റെ ചെറിയ ലേഖനത്തിൽ ഉൾപെടുത്തിയിട്ടുണ്ട്. അതിലൊന്ന് നാവ് എന്ന മനുഷ്യവയവത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ചാണ് (യാക്കോബ് 3:1-12)

"എറിഞ്ഞ കല്ലും പറഞ്ഞ വാക്കും തിരിച്ചെടുക്കാൻ കഴിയില്ല" എന്നൊരു ചൊല്ലുണ്ട് കത്തിപടരുന്ന കാട്ടുത്തീ പോലെത്തന്നെയാണ് നാവിൽ നിന്നും ഉതിർന്നുവീഴുന്ന തെറ്റായ വാക്കുകൾ.

കുതിരയുടെ കടിഞ്ഞാണും കപ്പലിന്റെ ചുക്കാനും പോലെ നാവിനെ നിയന്ത്രിച്ചാൽ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ട് സൂക്ഷിക്കുവാൻ കഴിയും. അങ്ങനെ വലിയ നാശത്തിൽ നിന്നൊഴിയാം (3,4 വാക്യങ്ങൾ) നാവ് ദേഹത്തെ മുഴുവൻ Collaboration അവയവമാണെന്ന് 6ാം വാക്യത്തിൽ നമ്മൾ വായിക്കുന്നു എന്നാൽ സർവ്വ വൻമൃഗങ്ങളെയും മനുഷ്യന് മെരുകാമെങ്കിലും നാവിനെ മെരുക്കാൻ കഴിയില്ലെന്ന് അപ്പോസ്തോലന്റെ പക്ഷം (7 8 വാക്യങ്ങൾ) 'നാവ് അടങ്ങാത്ത ദോഷം, മരണകരമായ വിഷം നിറഞ്ഞത് '

(സദൃ 15:4) ശലോമോന്റെ അഭിപ്രായം ' നാവിന്റെ ശാന്തത ജീവവൃക്ഷം, അതിന്റെ വക്രതയോ മനോവ്യസനം വാക്കു പെരുകിയാൽ ലംഘനം ഇല്ലാതിരിക്കുകയില്ല. മദനങ്ങളെ അടക്കുന്നവനോ ബുദ്ധിമാൻ. നീതിമാന്റെ നാവ് മേത്തരമായ വെള്ളി' (സദൃ 10:19,20) എന്നിവയാണ്.

പലവിധ ദോഷവശങ്ങൾ നാവിനു ഉണ്ടെങ്കിലും നല്ല രീതിയിൽ അതിനെ ഉപയോഗിച്ചാൽ വളരെ പ്രയോജനം ഉണ്ടാകും എന്ന് യാക്കോബ് രേഖപ്പെടുത്തിയിട്ടുണ്ട് അതുകൊണ്ടാണ് ഒരേ അവയവം കൊണ്ട് ദൈവത്തെ സ്തുതിക്കുകയും മനുഷ്യനെ ശപിക്കുകയും ചെയ്യുന്നു എന്ന അപ്പോസ്തോലൻ അഭിപ്രായപ്പെടുന്നത്.

"ഒരേ വായിൽ നിന്നുതന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. ഇങ്ങനെ ആയിരിക്കുന്നത് യോഗ്യമല്ല (10ാം വാക്യം)"

"ഹൃദയം നിറഞ്ഞ കവിയുന്നതിൽ എന്നല്ലോ വായ് സംസാരിക്കുന്നത് " (വി. മത്തായി 12:34) ഇന്ന് കർത്താവിന്റെ വചനം നമ്മുടെ ഹൃദയത്തിലെ നിക്ഷേപം അനുസരിച്ചായിരിക്കും. നമ്മുടെ വായിൽ നിന്ന് വരുന്ന വാക്കുകളും നാം പറയുന്ന ഏത് നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടി വരുമെന്ന മുന്നറിയിപ്പും കർത്താവ് നൽകുന്നു. നാവിനെ കടിഞ്ഞാണിട്ട് സൂക്ഷിച്ചില്ലെങ്കിൽ ഉണ്ടാകാവുന്ന ഭവിഷ്യത്ത് എത്ര ഭയാനകമാണ് മറ്റുള്ളവരെ മുറിപ്പെടുത്തുന്ന വാക്കുകൾ പലപ്പോഴും നമ്മുടെ നാവിൽ നിന്ന് ഉതിർന്ന് വീണേക്കാം. നാമത് മറന്നു പോയാലും കേൾക്കുന്നവരുടെ മനസ്സിൽ അവ ദീർഘകാലം തങ്ങിനിൽക്കും വാക്കുകളെ നിയന്ത്രിക്കുന്നതിന് പക്വതയും, ക്ഷമയും ആവശ്യമാണ് പെട്ടെന്നുള്ള വികാരത്തിനടിപ്പെട്ടുള്ള വാക്കുകൾ നാം ഉച്ചരിച്ചുകൂടാ. പകരം മറ്റുള്ളവർക്ക് സമാധാനവും, ആശ്വാസവും പ്രധാനം ചെയ്യുന്ന രീതിയിൽ നമ്മുടെ വാക്കുകൾ ഉപ്പിനാൽ രുചിവരുത്തിയത് ആയിരിക്കട്ടെ അതിനെ നമുക്ക് നമ്മുടെ നാവിനെ കടിഞ്ഞാണിട്ടു സൂക്ഷിക്കാം.



# ബെത്‌ലഹേം വീട്ടിൽ കുഞ്ഞൂഞ്ഞ്

ആധുനികത ഒട്ടും പിടികൂടാത്ത ഒരു ഗ്രാമത്തിലാണ് ഐപ്പിനും ഓമനയ്ക്കും ഒരു കുഞ്ഞ് ജനിക്കാൻ പോകുന്നത്. ക്രൈസ്തവ കുടുംബ പാരമ്പര്യത്തിൽ ജീവിച്ച് വന്നവരായിതിനാൽ തന്നെ ഐപ്പിന്റെ അപ്പന് പാരമ്പര്യം നിലനിൽക്കാൻ ഒരു ആൺതരി അത് വലിയ ആശയാണ്, അതുകൊണ്ടുതന്നെ ഓമനയുടെ പ്രസവദിനം ഐപ്പിനേക്കാൾ മാനസിക സംഘർഷം വല്യപ്പന്റെ ഉള്ളിലാണ്. ഏതായാലും അല്പനേരങ്ങൾക്ക് ശേഷം ഒരു കരച്ചിൽ കേട്ടു ഒപ്പം തന്നെ കാത്തിരിപ്പ് മുറി ഇളക്കുമാറുച്ചത്തിൽ വല്യപ്പൻ ഇങ്ങനെ പറഞ്ഞു. ദൈവമേ നിനക്ക് നന്ദി... കുടുംബത്തിലേക്കും കുഞ്ഞ് ആയതിനാൽ ഐപ്പ് അവനെ കുഞ്ഞൂഞ്ഞ് എന്ന് പേരിട്ടു, കുഞ്ഞൂഞ്ഞ് ഐപ്പ്, മാതാപിതാക്കളുടെ സംരക്ഷണത്തിലും അപ്പച്ചായിയുടെ കരുതലിലും കുഞ്ഞൂഞ്ഞ് വളർന്നു.

ദൈവാശ്രയ ബോധത്തിൽ കുട്ടിയെ വളർത്തുക എന്നതാണ് ഐപ്പിന്റെ മോട്ടോ. ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനയ്ക്ക് മുൻനിരയിൽ നിർത്തുക, സൺഡേസ്കൂൾ, വീട്ടിലെ കുടുംബ പ്രാർത്ഥന ഇങ്ങനെ നീളുന്നു ക്രിസ്തീയ ജീവിതം ദൃഢമാക്കാൻ അവർ ശ്രദ്ധിച്ചു, കുഞ്ഞൂഞ്ഞിന്റെ ജനനവും ആധുനികതയുടെ ഒരു കടന്നുക്കയറ്റവും കുഞ്ഞൂഞ്ഞിനെ പോലെ തന്നെ ഐപ്പിന്റെ കുടുംബത്തിനും സാമൂഹിക മാറ്റങ്ങൾ പുതുമയുള്ളവയായിരുന്നു, സ്ലേറ്റും പെൻസിലും ഉപയോഗിച്ച് എഴുതിയിടത്ത് ഇപ്പോൾ ടാബ് ആണ് താരം. മലയോര കർഷകരായ ഐപ്പിനും കുടുംബത്തിനും ഇത് എന്തോ ഒരു സാധനം, അതിൽ പടം കാണാം പാട്ടു കേൾക്കാം എന്നൊക്കെ അല്ലാതെ കാര്യമായി ഒന്നും തന്നെ അറിയില്ല..

പള്ളിക്കൂടത്തിൽ നിന്നും വന്നിട്ട് ഉള്ള ചാട്ടവും അപ്പച്ചായിയുടെ മടിയിൽ ഇരുന്നുള്ള കഥകളും അതിനോട് ചേർന്നുള്ള ഉറക്കവും ഒക്കെയാണ് കുഞ്ഞൂഞ്ഞിന്റെ ബാല്യം. കുഞ്ഞൂഞ്ഞിന്റെ ഉറ്റ ചങ്ങാതിയാണ് മാത്തൻ, പള്ളിയിലും പള്ളിക്കൂടത്തിലും അവർ ഒന്നിച്ചാണ്. കുർബാന ഇടയ്ക്കിരുന്നുള്ള കാര്യം പറച്ചിലും, പള്ളിയിൽ അച്ചന്റെ ചെരുപ്പ് പാത്തു വയ്ക്കുക, സെമിത്തേരിയിൽ കയറി റീത്തിൽ കുത്തി വെച്ചിരിക്കുന്ന മുട്ടുസൂചി ഊരി പിള്ളേരെ കുത്തുക തുടങ്ങി നീളും ഇവന്മാരുടെ ലീലാവിലാസം. ഇതൊക്കെ ആണേലും ഒന്നിലും പിടികൊടുക്കാതെ ഇവന്മാർ ഊരും അതുകൊണ്ടുതന്നെ ഐപിന് മേൽപറഞ്ഞ കാര്യങ്ങൾ ഒന്നും തന്നെ അറിയില്ല.

കൃഷിയെ അടിസ്ഥാനമാക്കിയ ഒരു ജീവിതം ആയതിനാൽ തന്നെ കുഞ്ഞൂഞ്ഞ് ഐപ്പിന്റെ ജീവിതത്തിന്റെ മാധുര്യവും കൈപ്പും രുചിച്ചാണ് വളർന്നത്. പ്രതിസന്ധികളുടെ നടുവിൽ കണ്ണീരോടെ പ്രാർത്ഥിക്കുന്ന മാതാപിതാക്കൾ അവർ നേരിടുന്ന പലവിധ പ്രതിസന്ധികൾ അവയെല്ലാം മറികടക്കാൻ ഐപ്പിന്റെ അപ്പൻ ഐപിനെ പഠിപ്പിച്ചത് പ്രാർത്ഥന ഒന്നു മാത്രമാണ്. ഐപ്പ് എപ്പോഴും കുഞ്ഞിനോട് പറയും പ്രാർത്ഥനയാൽ ദൈവം നൽകിയ പച്ചപ്പ് മാത്രമേ നമ്മുടെ കുടുംബത്തിനുള്ളൂ അതുകൊണ്ട് എന്തൊക്കെ കൈമോശം വന്നാലും നിന്റെ പ്രാർത്ഥന നഷ്ടമാകരുത് എന്ന്. കുഞ്ഞൂഞ്ഞ് ആ വാക്കുകളോട് നീതിപുലർത്തി അവന്റെ വിദ്യാഭ്യാസകാലം പൂർത്തീകരിച്ചു. അങ്ങനെയിരിക്കെ കുഞ്ഞൂഞ്ഞിന്റെ അപ്പച്ചായുടെ ആഗസ്മികമായ നിര്യാണം ഐപ്പിന്റെ കുടുംബത്തെ വല്ലാതെ ദു:ഖത്തിൽ ആഴ്ത്തി പ്രത്യേകിച്ച് ഐപ്പിനെ, അപ്പച്ചായുടെ ഗൃഹാതുരത്വം ആ കുടുംബത്തെ വല്ലാതെ പിടിച്ചു കുലുക്കി.

ഐപ്പിന്റെ നിർദ്ദേശാനുസരണം കുഞ്ഞൂഞ്ഞ് അങ്ങനെ പാടവും,പള്ളിയും, പള്ളിക്കുടവും വിട്ട് പട്ടണത്തിൽ എത്തി ഒരു തൊഴിൽ സംഘടിപ്പിക്കുന്നു. ദിവസവും പള്ളിയിൽ പോയിരുന്ന കുഞ്ഞൂഞ്ഞ് ഇപ്പോൾ വാരാന്ത്യക്കാരനായിരിക്കുന്നു. നാട്ടിലെ പാട്ടുകളുടെ ഈണം അല്ല പട്ടണത്തിലെ, അതെന്താണ് എന്ന് തിരക്കിയപ്പോൾ അറിയാൻ സാധിച്ചത് നിറമാണത്രേ, കുഞ്ഞൂഞ്ഞിന് കാര്യമായിട്ടൊന്നും മനസ്സിലായില്ല എന്നാലും മനസ്സിലായത് പോലെ ഭാവിച്ച് അങ്ങ് നിന്നു. മിന്നലിനു മുമ്പ് വരുന്ന ഇടി പോലെ ഗാനങ്ങൾക്കിടയിലെ ബാറക്ക് മോറും, ആമേൻ ഒക്കെ പറഞ്ഞ് കുറച്ചുനേരം അവൻ നിന്നു, ഇതിപ്പോൾ തനിക്കു മാത്രമാണോ ഈ പ്രശ്നമെന്ന് അറിയാൻ അവൻ മുൻനിരയിൽ നിന്ന് പിന്നിരയിലേക്ക് ഒരു നോട്ടം മൂകരായി അതീവ ഗൗരവത്തിൽ കുറച്ചുപേർ, മറ്റു ചിലർ ആത്മീയതയുടെ ഉച്ചസ്ഥായിൽ എത്തി തല ഇങ്ങനെ ഇടത്തോട്ടും വലത്തോട്ടും ആട്ടുകയാണ്, മറ്റു ചിലർ തൊണ്ട പൊട്ടുമാറുച്ചത്തിൽ പാടുന്ന ഗായക സംഘത്തിനൊപ്പം ഏറ്റുപിടിക്കുകയാണ്, ഏതായാലും ഗായക സംഘത്തിനും അച്ചനും മാത്രമേ നിറത്തെ പറ്റിയുള്ള ധാരണയുള്ളൂ എന്ന് മനസ്സിലാക്കിയ അവൻ അവന്റെ തനി നിറം പുറത്തെടുത്തു, അവന് അറിയാവുന്ന ഈണത്തിൽ പിന്നീടങ്ങോട്ട് വന്ന എല്ലാ ഗാനങ്ങളും കുഞ്ഞൂഞ്ഞ് വെച്ചു കാച്ചി. സംഗതി അച്ചന്റെ ചെവിയിൽ ഏതായാലും എത്തി. അംഗീകാരം കൊണ്ടാണോ അരോചകം കൊണ്ടാണോ കുഞ്ഞൂഞ്ഞിനെ നോക്കി അച്ചൻ തലയാട്ടി, അംഗീകാരം എന്ന് കരുതി കുഞ്ഞൂഞ്ഞിന്റെ ആലാപനം തുടർന്നുകൊണ്ടേയിരുന്നു., മധുരമാർന്ന ശബ്ദത്തിൽ താളാത്മകമായി പാടിയാലേ തമ്പുരാൻ കേൾക്കൂ..... വരികൾക്കോ വരികളുടെ അർത്ഥത്തിനോ ഈ ഈണം മാറ്റം വരുത്തുന്നില്ല പിന്നെ എന്തിന്...... അവന്റെ ചിന്തകൾ നാനാ വഴി സഞ്ചരിക്കുവാൻ തുടങ്ങി. കുർബാനമധ്യേയുള്ള ഈ ചിന്തകൾ സാത്താന്റെ പണിയാണ് എന്ന അപ്പച്ചായുടെ ഉപദേശം ഓർത്ത് കുഞ്ഞൂഞ്ഞ് ചിന്തകൾക്ക് സഡൻ ബ്രേക്ക് ഇട്ടു തിരിച്ചു പ്രാർത്ഥനയിൽ മുഴുകി.

കുർബാന കഴിഞ്ഞ് കിട്ടിയ ആദ്യ വണ്ടി തന്നെ കുഞ്ഞൂഞ്ഞ് പിടിച്ചു, ഇനി ഒരാഴ്ചത്തേക്ക് അവധിയാണ് ക്രിസ്മസിന്റെ, സന്ധ്യാസമയത്ത് വീട്ടിലേക്ക് കയറിവരുന്ന കുഞ്ഞൂഞ്ഞിനെ കാത്ത് ഓമനയും ഐപ്പും എറെത് ഇരിപ്പാണ്, കുഞ്ഞൂഞ്ഞിനെ കണ്ടതും അമ്മ മോനേ നീ അങ്ങ് ചടച്ചെല്ലോടാ... ഐപ്പിന് വലിയ ഭാവ വ്യത്യാസം ഒന്നുമില്ല, കേറി വാ.....മേല് കഴുക് നീ... കുഞ്ഞൂഞ്ഞ് കുളി കഴിഞ്ഞു വന്നപ്പോൾ ഐപ്പ് വേദ പുസ്തകം വായിക്കുന്നു അമ്മ അത് കേട്ടിരിക്കുന്നു ഏഴു മണിക്ക്ത്തെ പ്രാർത്ഥന അത് അപ്പച്ചായിയുടെ ഒരു കീഴ്വഴക്കമാണ് ഐപ്പതിനൊരു മാറ്റവും വരുത്തിയിട്ടില്ല, കുഞ്ഞൂഞ്ഞും കൂടെക്കൂടി പ്രാർത്ഥന കഴിഞ്ഞു അൽപനേരം വേദപുസ്തകം വായിക്കും അപ്പോഴേക്കും കുഞ്ഞൂഞ്ഞ് ബാഗ് തുറന്ന് അമ്മച്ചിയുടെ കയ്യിൽ അരക്കിലോയുടെ രണ്ട് കേക്ക് എടുത്തു കൊടുത്തു ഒപ്പം ഇച്ചിരെ അച്ചാറും, ഓമന നോക്കിയപ്പോൾ എല്ലാത്തിലും പള്ളിയുടെ പേരും പടവും അവർ ചോദിച്ചു എന്നതാടാ പള്ളിന്ന് കിട്ടിയ നേർച്ച മറ്റുമാണോ.... ഒന്ന് പോയെ അമ്മേ ഇതെല്ലാം കാശു കൊടുത്തു വാങ്ങിയതാ അതും പള്ളിയിൽ നിന്നു തന്നെ. ഇത് കേട്ടതും അതുവരെ പതിഞ്ഞ ശബ്ദത്തിൽ വായിച്ചുകൊണ്ടിരുന്ന ഐപ്പ് ലേശം ശബ്ദമുയർത്തി ദേ ഇങ്ങനെ വായിച്ചു, യേശു ദേവാലയത്തിൽ ചെന്ന് ദേവാലയത്തിൽ വിൽക്കുന്നവരെയും വാങ്ങുന്നവരെയും ഒക്കെയും പുറത്താക്കി... .. യാദൃശ്ചികം എന്നോണം അപ്പന്റെ വായന തുടരുകയാണ്, അന്ന് ആദ്യമായി ഓമന ചിരി ചവച്ചിറക്കുന്നത് കുഞ്ഞൂഞ്ഞ് കണ്ടു. അല്ലമ്മേ പാവങ്ങളെ സഹായിക്കാനാണ് ഇതെല്ലാം, ഇതിനു മറുപടി അമ്മ വാ തുറക്കും മുമ്പ് ഐപ്പ് പറഞ്ഞു ഒക്കെ നല്ലതുതന്നെ പക്ഷേ വരവ് അറിഞ്ഞ് ചിലവാക്കാവൂ എന്നു മാത്രം. തൊട്ടു പുറകെ ഓമന, നിന്റെ അപ്പനെ പോലെയുള്ളവർ അവിടെ എങ്ങാനും ഉണ്ടോ പള്ളിയിൽ ഒക്കെ വരുമോ... എന്നാ ചോദ്യമാ ഉണ്ട് അമ്മേ പള്ളിയിലും വരും പക്ഷേ ഈ അടുത്തകാലത്തായി ഇടയ്ക്കെ വരാറുള്ളൂ, മിക്കവാറും അവർ ട്രിപ്പിലാണ്.., അതെന്താടാ ട്രിപ്പ് ഓമന ഒന്നൂടെ കുത്തി ചോദിച്ചു, അതൊക്കെയുണ്ട് അമ്മേ.... കുഞ്ഞൂഞ്ഞിന്റെ റെഡിമെയ്ഡ് മറുപടി. എന്തേലും ആവട്ടെ ദൈവത്തെ വിളിച്ചു ജീവിച്ചോണം, വാ വന്ന് ചോറ് കഴിക്കു മോനെ.... ഓമന അടുക്കളയിലേക്ക് പോകുന്നു അപ്പോഴും ഐപ്പ് കുഞ്ഞൂഞ്ഞിനെ നോക്കി പരിഹസിച്ചിരിക്കുന്നു. അപ്പൻ എന്തിനാണ് അങ്ങനെ ചിരിക്കുന്നത് കുഞ്ഞൂഞ്ഞിന് മനസ്സിലായില്ല നിങ്ങൾക്കോ.....




# വിശ്വാസം ജീവിതത്തിന്റെ ശക്തി

**പ്രീതി ബിജു**
കുരണ്ടിക്കൽ ഹൗസ്

യുവത്വം സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും ഒരുപാട് ചോദ്യങ്ങളുടെയും കാലഘട്ടമാണ്. പഠനം, ജോലി, ബന്ധങ്ങൾ, ഭാവി എന്നിവയെ കുറിച്ചുള്ള ആശങ്കകൾ പലപ്പോഴും നമ്മെ തളർത്തിയേക്കാം. അത്തരം സാഹചര്യങ്ങളിൽ നമ്മെ മുന്നോട്ട് നയിക്കുന്ന വലിയ ശക്തിയാണ് വിശ്വാസം.അതായത് നമ്മെ ശക്തിപ്പെടുത്തുന്ന വലിയ അനുഗ്രഹമാണ് ദൈവത്തിലുള്ള വിശ്വാസം. വിശ്വാസം എന്നത് പ്രയാസങ്ങളൊന്നും ജീവിതത്തിൽ ഉണ്ടാകില്ല എന്ന ചിന്തയല്ല. പ്രയാസങ്ങൾക്കിടയിലും 'എനിക്ക് മുന്നോട്ട് പോകാൻ കഴിയും' എന്ന ആത്മവിശ്വാസവും പ്രതീക്ഷയുമാണ് ദൈവവിശ്വാസമുള്ള ഒരാൾക്ക് ജീവിതത്തിലെ പ്രതിസന്ധികളിൽ താൻ ഒറ്റയ്ക്കല്ലെന്ന ബോധം വലിയ ആശ്വാസം നൽകുന്നു. വി. വേദപുസ്തക അടിസ്ഥാനത്തിൽ സദൃശ്യവാക്യങ്ങൾ 3:5 ' ഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക, സ്വന്തവിവേകത്തിൽ ഊന്നരുത് '. ഇന്നത്തെ യുവജനങ്ങൾ സോഷ്യൽ മീഡിയയുടെയും മത്സരങ്ങളുടെയും സ്വാധീനത്തിൽ പലപ്പോഴും മറ്റുള്ളവരും ആയി സ്വന്തം ജീവിതത്തെ താരതമ്യം ചെയ്യുന്നു. അതിലൂടെ നിരാശയും ആത്മവിശ്വാസക്കുറവും ഉണ്ടാകാം. എന്നാൽ ഓരോരുത്തർക്കും അവരുടേതായ സമയവും വഴിയും ഉണ്ടെന്ന് തിരിച്ചറിയാൻ വിശ്വാസം നമ്മെ സഹായിക്കുന്നു. പരാജയങ്ങൾ വന്നാലും തളരാതെ വീണ്ടും എഴുന്നേൽക്കാൻ വിശ്വാസം ശക്തി നൽകുന്നു. 'വീഴ്ചകളിൽ തളരാതെ പരാജയങ്ങളിൽ നിന്ന് പഠിച്ച്, പ്രതീക്ഷയോടെ മുന്നോട്ടുപോകാൻ വിശ്വാസം നമ്മെ പഠിപ്പിക്കുന്നു'. നമ്മുടെ കഴിവുകളിൽ വിശ്വസിക്കുകയും നല്ല നാളെയിൽ പ്രതീക്ഷ പുലർത്തുകയും ദൈവത്തിൽ ആശ്രയിക്കുകയും ചെയ്യുമ്പോൾ ജീവിതത്തിലെ വെല്ലുവിളികളെ ധൈര്യത്തോടെ നേരിടാൻ കഴിയും. അതുകൊണ്ട് യുവത്വത്തിന്റെ യാത്രയിൽ വിശ്വാസത്തെ കൈവിടാതെ സ്വപ്നങ്ങളെ ചേർത്തുപിടിച്ച് പ്രതീക്ഷയോടെ മുന്നോട്ടുപോകാം. ഇന്ന് നാം വിതയ്ക്കുന്ന വിശ്വാസവും പരിശ്രമവും നാളെയുടെ മനോഹരമായ ജീവിതത്തിന് അടിത്തറയാകും. വിശ്വാസം കൈവിടരുത് കാരണം ദൈവത്തിൽ പ്രത്യാശ വെക്കുന്നവൻ ഒരിക്കലും നിരാശരാകുകയില്ല.

# പെസഹാ വ്യാഴം രാത്രി
## (ലൂക്കോസ് 22: 14-16)



**ലീലാമ്മ ജോർജ്**
കളർനിൽക്കുന്നതിൽ

അത് സംഭവബഹുലമായ ഒരു രാത്രിയായിരുന്നു. അന്ന് കർത്താവ് ശിഷ്യന്മാരുമായുള്ള അന്ത്യാത്താഴം കഴിച്ചു. ഈ അധ്യായത്തിന്റെ 29ാം വാക്യത്തിൽ എന്റെ പിതാവ് എനിക്ക് രാജ്യം നിയമിച്ചു തന്നതുപോലെ ഞാൻ നിങ്ങൾക്കും തരുന്നു എന്നു പ്രബോധിപ്പിച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ പുരോഗതിക്കുള്ള ചുമതല ശിഷ്യന്മാരെ കർത്താവ് ഏല്പിച്ചു. നിങ്ങൾ പരസ്പരം ശുശ്രൂഷിക്കയും വലിയവൻ ഇളയവനെപ്പോലെയും (26) നായകൻ ദാസനെപ്പോലെയും (31) പെരുമാറണമെന്നും, സാത്താൻ നിങ്ങളെ പാറ്റിക്കളയേണ്ടതിന് എന്നോട് അപേക്ഷിച്ചു (40-46) പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കണം എന്നുമുള്ള വിലയേറിയ ഗുണദോഷങ്ങൾ നൽകി. വിലപ്പെട്ട ഉപദേശങ്ങൾ ശ്രവിക്കയും വിരുന്നിൽ പങ്കുകൊള്ളുകയും ചെയ്ത ശിഷ്യന്മാരിൽ രണ്ടു പേരെക്കുറിച്ച് അല്പമായി ചിന്തിക്കാം.

**1. യൂദാ ഇസ്കര്യോത്താവ് യോഹ 6 : 70-71**

നോക്കുമ്പോൾ ഇദ്ദേഹം തിരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായിരുന്നുവെന്നും, അവൻ പിശാചാകുന്നു എന്നും കർത്താവ് പ്രസ്താവിച്ചു. **യോഹ 13:26 കർത്താവ് അപ്പഖണ്ഡം മുക്കി യൂദായ്ക്കു കൊടുത്തു. ഖണ്ഡം വാങ്ങിയ ഉടനെ സാത്താൻ അവനിൽ കടന്നു യോഹ 13:27 യേശു അവനോട് നീ ചെയ്യാനുള്ളതു വേഗത്തിൽ ചെയ്യുക എന്നു പറഞ്ഞു.** ശിഷ്യഗണത്തിൽ പതിനൊന്നുപേരും ഗലീലക്കാർ ആയിരുന്നുവെങ്കിലും ഈ ഒരുവൻ മാത്രം കെരിയോത്ത് ഗ്രാമവാസിയായിരുന്നു. ഇദ്ദേഹമായിരുന്നു ആ ചെറിയ ഗ്രൂപ്പിന്റെ പണച്ചുമതലക്കാരൻ. അകൃത്യം അകത്തു മറച്ചുവെച്ചുകൊണ്ട് ദൈവരാജ്യത്തിന്റെ വേലയിൽ പങ്കാളിയായി പ്രവർത്തിച്ച ഇദ്ദേഹത്തിന് യേശുവിനെ മനസ്സിലാക്കാൻ കഴിവില്ലാതെ ഒരു അടിമയുടെ വിലയായ മുപ്പതു വെള്ളിക്കാശിന് ആ പരമഗുരുവിനെ വിറ്റുകളയുവാൻ തക്കവണ്ണം ഹൃദയം കഠിനപ്പെട്ടു. ഇന്നും ഇങ്ങനെയുള്ള ശുശ്രൂഷകാർ നമ്മുടെ ഇടയിൽ ഒട്ടും കുറവല്ല എന്നത് വേദനയോടെ ഓർക്കേണ്ട ഒരു പരമ സത്യമത്രേ. മത്തായി 26:14, മർക്കൊ14:10, ലൂക്കോ22:3 ഈ വേദഭാഗങ്ങൾ വായിച്ചാൽ ദ്രോഹിയായിപ്പോയ ഈ മനുഷ്യൻ ചൊവ്വാഴ്ചയോ ബുധനാഴ്ചയോ ഭീകരകൃത്യത്തിനുള്ള ഉടമ്പടി നിറവേറ്റുകയും ചെയ്തു എന്നു കാണാം. ഇത്ര ദോഷിയായവനെ ശിഷ്യനായി തിരഞ്ഞെടുത്ത കർത്താവിന് തെറ്റു പറ്റിയതല്ല. ഏതു ദോഷിയേയും നന്നാക്കി എടുക്കാനുള്ള താല്പര്യത്തോടെയാണ് കർത്താവ് സർവ്വദാ ഇടപെടുന്നത്. ദൈവം കൊടുക്കുന്ന അവസരം നഷ്ടപ്പെടുത്തുന്നവന്റെ നില എത്ര ഭയങ്കരം. അവനു ലഭിച്ച അവസാന അവസരവും നഷ്ടപ്പെടുത്തിയ യൂദാ നമുക്കൊരു പാഠമായിരിക്കട്ടെ.

**2. ശീമോൻ പത്രോസ്**

മിടുമിടുക്കനും ചുറുചുറുക്കുള്ളവനുമായ പത്രോസിനും തോൽവി പറ്റി. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്നു പ്രാർത്ഥിപ്പാൻ കർത്താവ് പ്രബോധിപ്പിച്ചു. **പത്രോസ് പ്രാർത്ഥനയിൽ ജാഗ്രതയില്ലാതെ ഉറങ്ങിപ്പോയി മത്തായി 26:40.** മറ്റുള്ളവരുടെ വേദനയിൽ ലയിച്ചുചേരാൻ കഴിയാത്ത പ്രാർത്ഥന ഉറക്കത്തിൽ പര്യവസാനിക്കും.പത്രോസ് സ്വന്ത ഭക്തിയിലും കഴിവിലും അമിതമായി അഹങ്കരിച്ചു. യേശുവിനെ രക്ഷിപ്പാൻ വാളെടുത്തുവെട്ടി. ഈ തോൽവി ഇന്നും പലരിലും കാണാം. എല്ലാവരും നിങ്കൽ ഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല എന്ന സ്വന്തഭക്തിയിൽ അഹങ്കരിച്ച പത്രോസ് പറഞ്ഞു.

യേശുവിനോട് ചേർന്നു നിൽക്കേണ്ട പത്രോസ് ദൂരെവേ അനുഗമിച്ചു എന്നു നാം വായിക്കുന്നു. പത്രോസ് നിൽക്കരുതാതിടത്തുനിന്ന് പത്രോസ് അവന്റെ അരുമ ഗുരുവിനെ തള്ളിപ്പറഞ്ഞു. അടി വീണ പത്രോസ് അനുതാപത്തോടെ കരഞ്ഞ് യഥാസ്ഥാനപ്പെട്ടു. തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തെ തള്ളിക്കളയാത്ത കർത്താവ് പത്രോസിനെ യഥാസ്ഥാനപ്പെടുത്തി. മൂലക്കല്ലായ ക്രിസ്തുവിനോടു ചേർത്തു പണിയപ്പെട്ട ജീവനുള്ള കല്ലായി പത്രോസ് പിൽക്കാലത്ത് ദൈവകരങ്ങളിൽ പ്രയോജനപ്പെട്ടു.



# വ്യാജവാർത്തകളുടെ ലോകത്ത് സത്യത്തിന്റെ ശബ്ദം: ബൈബിൾ നൽകുന്ന സന്ദേശം

രാവിലെ ഫോൺ എടുത്ത് WhatsApp തുറക്കുമ്പോഴും Instagram നോക്കുമ്പോഴും പലതരം വാർത്തകളും സന്ദേശങ്ങളും നമ്മുടെ മുന്നിലെത്താറുണ്ട്. ചിലത് ശരിയായ വാർത്തകളായിരിക്കും, എന്നാൽ ചിലത് വ്യാജവാർത്തകളോ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങളോ ആയിരിക്കും. പലപ്പോഴും ഒരു സന്ദേശം വായിച്ച ഉടൻ തന്നെ അത് ശരിയാണോ എന്ന് നോക്കാതെ മറ്റുള്ളവർക്ക് അയയ്ക്കുന്ന ശീലം നമുക്കുണ്ട്. എല്ലാവരും ഷെയർ ചെയ്യുന്നുണ്ടല്ലോ, അപ്പോൾ ശരിയായിരിക്കുമല്ലോ" എന്ന ചിന്തയും ഉണ്ടാകാം. എന്നാൽ ഇന്ന് ഒരു വാർത്തയ്ക്ക് നിമിഷങ്ങൾക്കുള്ളിൽ നൂറുകണക്കിന് ആളുകളിലേക്ക് എത്താൻ കഴിയുന്നതിനാൽ, നമ്മൾ പങ്കുവയ്ക്കുന്ന ഓരോ വിവരത്തിനും ഒരു ഉത്തരവാദിത്തമുണ്ട്.

സത്യത്തിന് ബൈബിൾ വലിയ പ്രാധാന്യം നൽകുന്നു. യേശു പറഞ്ഞു: "നിങ്ങൾ സത്യം അറിയും; സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹന്നാൻ 8:32). ഈ വചനം ഇന്നത്തെ സോഷ്യൽ മീഡിയ കാലത്തും വളരെ പ്രസക്തമാണ്. സത്യം മനുഷ്യർക്കിടയിൽ വിശ്വാസം വളർത്തുന്നു. എന്നാൽ തെറ്റായ വാർത്തകൾ ഭയവും ആശയക്കുഴപ്പവും തർക്കങ്ങളും ഉണ്ടാക്കാം. പ്രത്യേകിച്ച് ഒരാളെക്കുറിച്ചുള്ള തെറ്റായ വാർത്ത പ്രചരിച്ചാൽ, അത് ആ വ്യക്തിയുടെ ജീവിതത്തെയും ബന്ധങ്ങളെയും ബാധിക്കാം.

അതുകൊണ്ട് നമുക്ക് ലഭിക്കുന്ന എല്ലാ വിവരങ്ങളും ഉടൻ വിശ്വസിക്കാതെ ഒന്ന് ചിന്തിക്കാം. (സദൃശവാക്യങ്ങൾ 14:15) പറയുന്നു: "അല്പബുദ്ധി എല്ലാകാര്യവും വിശ്വസിക്കുന്നു; വിവേകി തന്റെ നടപ്പു സൂക്ഷിച്ചു നോക്കുന്നു." ഒരു വാർത്ത പലരും പങ്കുവച്ചതുകൊണ്ട് മാത്രം അത് സത്യമാകുന്നില്ല. വാർത്തയുടെ ഉറവിടം എന്താണെന്നും മറ്റേതെങ്കിലും വിശ്വസനീയമായ മാധ്യമങ്ങളിൽ അതേ വിവരം വന്നിട്ടുണ്ടോ എന്നും പരിശോധിക്കണം. ചിലപ്പോൾ ഒരു ചെറിയ തലക്കെട്ട് മാത്രം വായിച്ചിട്ട് നമ്മൾ ഒരു വലിയ അഭിപ്രായം രൂപപ്പെടുത്താറുണ്ട്. അതിനാൽ മുഴുവൻ വിവരവും മനസ്സിലാക്കിയ ശേഷമേ അത് മറ്റുള്ളവരിലേക്ക് എത്തിക്കാവൂ.



**ജെസ്ന ആൻ ജെയ്സൺ**
**വരിക്കുവേലിൽ**

വ്യാജവാർത്തകൾക്കൊപ്പം അഭ്യൂഹങ്ങളും ഗോസിപ്പുകളും നമ്മുടെ സമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഒരാളെക്കുറിച്ച് ഉറപ്പില്ലാത്ത ഒരു കാര്യം തമാശയായി പറഞ്ഞാലും അത് മറ്റൊരാളിലേക്ക് എത്തുമ്പോൾ വലിയ പ്രശ്നമായി മാറാം. "നിന്റെ അയൽക്കാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്"" (പുറപ്പാട് 20:16), എന്ന ബൈബിൾ വചനം ഇവിടെ ഓർക്കാം. മറ്റുള്ളവരുടെ മാന്യതയെ മാനിക്കുകയും ഉറപ്പില്ലാത്ത കാര്യങ്ങൾ പ്രചരിപ്പിക്കാതിരിക്കുകയും ചെയ്യുന്നത് സത്യസന്ധതയുടെ ഭാഗമാണ്.

ഇതിൽ യുവാക്കളുടെ പങ്ക് വളരെ പ്രധാനമാണ്. നമ്മളിൽ പലരും ദിവസവും സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവരാണ്. അതുകൊണ്ട് ഒരു വാർത്ത forward ചെയ്യുന്നതിന് മുമ്പ് കുറച്ച് നിമിഷം നിൽക്കുന്നത് പോലും വലിയ മാറ്റമുണ്ടാക്കും. "ഇത് സത്യമാണോ?"" "ഇതിന്റെ ഉറവിടം എന്താണ്?" ഇത് മറ്റൊരാൾക്ക് ദോഷം ചെയ്യുമോ?" എന്നിങ്ങനെ സ്വയം ചോദിക്കാം. ഒരു തെറ്റായ വാർത്ത അയയ്ക്കാതെ നിൽക്കുന്നതും ഒരു നല്ല പ്രവൃത്തിയാണ്.

സാങ്കേതികവിദ്യ സ്വയം നല്ലതോ ചീത്തയോ അല്ല. അത് നമ്മൾ എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് പ്രധാനപ്പെട്ടത്. നമ്മുടെ കൈയിലെ ഒരു ഫോൺ ഉപയോഗിച്ച് ഒരു തെറ്റായ വാർത്ത നൂറുകണക്കിന് ആളുകളിലേക്ക് എത്തിക്കാനും, അതുപോലെ തന്നെ ഒരു നല്ല സന്ദേശം അനേകരിലേക്ക് എത്തിക്കാനും കഴിയും. അതുകൊണ്ട് സാങ്കേതികവിദ്യയെ കുറ്റപ്പെടുത്തുന്നതിന് പകരം അത് ഉത്തരവാദിത്തത്തോടെ ഉപയോഗിക്കാൻ നമ്മൾ പഠിക്കണം.

അവസാനമായി, വ്യാജവാർത്തകൾ നിറഞ്ഞ ഈ കാലത്ത് ബൈബിൾ നമ്മോട് പറയുന്ന സന്ദേശം വളരെ ലളിതമാണ്: സത്യത്തിന് ഇന്നും വിലയുണ്ട്. ലോകത്തിലെ എല്ലാ വ്യാജവാർത്തകളും നമുക്ക് തടയാൻ കഴിയില്ല. പക്ഷേ നമ്മുടെ കൈയിലെത്തുന്ന ഒരു വാർത്ത പങ്കുവയ്ക്കുന്നതിന് മുമ്പ് ഒരു നിമിഷം ചിന്തിക്കാൻ നമുക്ക് കഴിയും. ചിലപ്പോൾ ആ ചെറിയൊരു നിമിഷത്തെ ചിന്ത ഒരു വലിയ തെറ്റിൽ നിന്ന് നമ്മെയും മറ്റുള്ളവരെയും രക്ഷിച്ചേക്കാം. "ഒരു ഷെയറിന് മുമ്പ് ഒരു നിമിഷം ചിന്തിക്കുക "" കാരണം നമ്മുടെ ഓരോ വാക്കിനും വിലയുണ്ട്.



# കാണുന്നതിനപ്പുറം

where Ordinary becomes Sacred.



**ജോസു സിബി**
**തടത്തിൽ തെക്കേതിൽ**

ക്രിസ്തീയ ജീവിതത്തിൽ നാം പലപ്പോഴും കാണുന്ന ചില കാര്യങ്ങളുണ്ട് " വെള്ളം, എണ്ണ, അപ്പം, വീഞ്ഞ്, കൈവെപ്പ്, പ്രാർത്ഥന. പുറമേ നോക്കുമ്പോൾ ഇവയെല്ലാം സാധാരണ കാര്യങ്ങളാണ്.എന്നാൽ പരി. സഭയുടെ ജീവിതത്തിൽ ഇവയ്ക്ക് പ്രത്യേക സ്ഥാനമുണ്ട്. കാരണം ദൈവം മനുഷ്യനോട് സംസാരിക്കുന്നത് വാക്കുകളിലൂടെയോ ആശയങ്ങളിലൂടെയോ മാത്രം അല്ല. കാണാവുന്ന കാര്യങ്ങളിലൂടെയും പ്രവർത്തികളിലൂടെയും ദൈവം തന്റെ കൃപ നമ്മിലേക്ക് എത്തിക്കുന്നു. ഇതാണ് കൂദാശകളുടെ മനോഹരമായ സത്യം.

കൂദാശാ എന്നതിന് ഇംഗ്ലീഷിൽ Sacrament എന്നും ഗ്രീക്കിൽ Mysterion എന്നും പറയുന്നു. നമ്മുടെ സഭയിൽ സാധാരണയായി ഏഴ് കൂദാശകളാണ് ഉള്ളത്: വി.മാമോദീസ, വി.മൂറോൻ അഭിഷേകം, വി.കുമ്പസാരം, വിശുദ്ധ കുർബാന, വിവാഹം, പട്ടത്വം , രോഗികളുടെ തൈലാഭിഷേകം. ഇവയെല്ലാം വെറും പുറംചടങ്ങുകളായി കാണുമ്പോൾ അവയുടെ അർത്ഥത്തിന്റെ ഒരു ഭാഗം മാത്രമേ നമുക്ക് കാണാനാകൂ. വിശ്വാസത്തിന്റെ കണ്ണിലൂടെ നോക്കുമ്പോൾ അവയ്ക്ക് കൂടുതൽ ആഴമുണ്ട്.

## വെള്ളം - മാമോദീസ

ഒരു കുഞ്ഞോ മുതിർന്ന വ്യക്തിയോ വെള്ളത്തിൽ സ്നാനം സ്വീകരിക്കുന്നത് നാം കാണുന്നു. പക്ഷേ മാമോദീസ വെറും വെള്ളത്തിൽ കഴുകുന്ന ഒരു ചടങ്ങല്ല. യേശുക്രിസ്തു തന്റെ ശിഷ്യന്മാരോട് എല്ലാ ജനതകളെയും ശിഷ്യരാക്കി, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം നൽകാൻ കല്പിച്ചു (മത്തായി 28:19). പരിശുദ്ധനായ പൗലോസ് സ്ലീഹ മാമോദീസയെ ക്രിസ്തുവിന്റെ മരണത്തോടും ഉയിർപ്പിനോടും ബന്ധിപ്പിക്കുന്നു. ക്രിസ്തുവിനോടുകൂടെ അടക്കം ചെയ്യപ്പെടുന്നതും, ഉയർക്കുന്നതുമായ അനുഭവമായി അതിനെ അവതരിപ്പിക്കുന്നു (റോമർ 6:3-4). അതുകൊണ്ട് വെള്ളം ഇവിടെ വെറും വെള്ളമല്ല. വെള്ളത്തിലൂടെ നടക്കുന്ന ഈ വിശുദ്ധ പ്രവർത്തിയിൽ ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിന്റെ തുടക്കം പ്രകടമാകുന്നു.

കാണുന്നത് വെള്ളം.
കാണുന്നതിനപ്പുറം -"ക്രിസ്തുവിൽ ലഭിക്കുന്ന പുതിയ ജീവിതം.

## എണ്ണ - മൂറോൻ അഭിഷേകം

മാമോദീസയ്ക്ക് ശേഷം വി. മൂറോൻ അഭിഷേകത്തിൽ വിശുദ്ധ മൂറോൻ തൈലം ഉപയോഗിക്കുന്നു. എണ്ണ ഒരു സാധാരണ വസ്തുവാണ്. എന്നാൽ വിശുദ്ധ തൈലത്താൽ അഭിഷേകം ചെയ്യുന്നത് പരിശുദ്ധാത്മാവിന്റെ ദാനത്തെയും ക്രിസ്തുവിലുള്ള നമ്മുടെ പുതിയ ജീവിതത്തെയും സൂചിപ്പിക്കുന്ന വിശുദ്ധ പ്രവർത്തിയാണ്. പുതിയ നിയമത്തിൽ അഭിഷേകവും പരിശുദ്ധാത്മാവും തമ്മിലുള്ള ബന്ധം കാണാം. 2 കൊരിന്ത്യർ 1:21–22ൽ പൗലോസ് ദൈവം നമ്മെ അഭിഷേകം ചെയ്ത് തന്റെ മുദ്ര പതിപ്പിക്കുകയും പരിശുദ്ധാത്മാവിനെ നമ്മുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുകയും ചെയ്തതായി പറയുന്നു.അതുകൊണ്ട് മൂറോൻ വെറും എണ്ണയല്ല.

കാണുന്നത് എണ്ണ.
കാണുന്നതിനപ്പുറം - പരിശുദ്ധാത്മാവിന്റെ ദാനത്തെ സൂചിപ്പിക്കുന്ന വിശുദ്ധ അഭിഷേകം.

## വാക്കുകൾ - കുമ്പസാരം

കുമ്പസാരത്തിൽ പുറമേ കാണുന്നത് വളരെ ലളിതമാണ്. ഒരു വ്യക്തി തന്റെ പാപങ്ങൾ ഏറ്റുപറയുന്നു. പുരോഹിതൻ പ്രാർത്ഥിക്കുന്നു. പക്ഷേ കുമ്പസാരം വെറും മനസ്സു തുറന്ന് സംസാരിക്കുന്ന ഒരു അവസരം മാത്രമല്ല.പാപത്തെ തിരിച്ചറിഞ്ഞ് അതിൽ നിന്ന് തിരിഞ്ഞ് ദൈവത്തോടുള്ള ബന്ധത്തിലേക്കു വരുകയാണ്. യേശു ഉയിർത്തെഴുന്നേറ്റ ശേഷം ശിഷ്യന്മാരോട് പാപമോചനവുമായി ബന്ധപ്പെട്ട അധികാരം ഏൽപ്പിക്കുന്നതായി യോഹന്നാൻ 20:22–23ൽ കാണാം.

കാണുന്നത് ഒരു ഏറ്റുപറച്ചിൽ.
കാണുന്നതിനപ്പുറം - ദൈവത്തോടുള്ള ബന്ധം പുന:സ്ഥാപിക്കാനുള്ള മാനസാന്തരം.

## അപ്പവും വീഞ്ഞും - വിശുദ്ധ കുർബാന

ഒരു അപ്പവും വീഞ്ഞും കാണുമ്പോൾ അത് സാധാരണ ഭക്ഷണമായി തോന്നാം.
എന്നാൽ അവസാന അത്താഴത്തിൽ, നമ്മുടെ കർത്താവ് അപ്പം എടുത്ത് വാഴ്ത്തി, ഇവ തന്റെ തിരുശരീര രക്തങ്ങൾ ആണെന്ന് കല്പിച്ചു. ശിഷ്യന്മാർക്ക് പങ്കിട്ടുകൊടുത്തു. (മത്തായി 26:26–28). പരിശുദ്ധനായ പൗലോസ് ശ്ലീഹായും , കുർബ്ബാനയെ സാധാരണ ഭക്ഷണമായി മാത്രം അവതരിപ്പിക്കുന്നില്ല. അപ്പത്തിലും പാനപാത്രത്തിലും ഉള്ള പങ്കാളിത്തത്തെ കർത്താവിന്റെ ശരീരത്തോടും രക്തത്തോടും ബന്ധിപ്പിക്കുന്നു (1 കൊരിന്ത്യർ 10:16). അതുകൊണ്ട് Orthodox വിശ്വാസത്തിൽ വിശുദ്ധ കുർബാന ഒരു ഓർമ്മച്ചടങ്ങ് മാത്ര

മല്ല. ക്രിസ്തുവിന്റെ ശരീരത്തിലും രക്തത്തിലും യഥാർത്ഥ പങ്കാളിത്തമാണ് വിശുദ്ധ കുർബാന.ഇവിടെ നമ്മുടെ കണ്ണുകൾ കാണുന്നത് അപ്പവും വീഞ്ഞും. എന്നാൽ വിശ്വാസം അതിനപ്പുറം കാണുന്നു.

കാണുന്നത് അപ്പം, വീഞ്ഞ്.
കാണുന്നതിനപ്പുറം - ക്രിസ്തുവിന്റെ സാന്നിധ്യവും കൂട്ടായ്മയും.

## വിവാഹം - ഒരു ജീവിതത്തിന്റെ വിശുദ്ധീകരണം

വിവാഹത്തിലും പുറമേ കാണുന്നത് രണ്ട് വ്യക്തികൾ തമ്മിലുള്ള ഒരു ബന്ധമാണ്.എന്നാൽ ക്രിസ്തീയ വിവാഹം അതിനേക്കാൾ കൂടുതലാണ്. യേശു വിവാഹത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, "ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" എന്ന് പഠിപ്പിക്കുന്നു (മത്തായി 19:6). ക്രിസ്തീയ വിവാഹത്തിൽ ഒരു പുരുഷനും ഒരു സ്ത്രീയും ദൈവസന്നിധിയിൽ പരസ്പരം ജീവിതം സമർപ്പിക്കുന്നു. അതുകൊണ്ട് വിവാഹം ഒരു സാമൂഹിക കരാർ മാത്രമല്ല. ക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെടുന്ന ജീവിതബന്ധമാണ്.

## കൈവെപ്പ് - വി. പട്ടത്വം

എവിടെയും നമുക്ക് കാണുന്നത് ഒരു ലളിതമായ പ്രവർത്തിയാണ്" കൈവെപ്പ്. എന്നാൽ പുതിയ നിയമത്തിൽ കൈവെപ്പ് ഒരു സാധാരണ ആംഗ്യം മാത്രമായിരുന്നില്ല. ശുശ്രൂഷയ്ക്കായി ആളുകളെ നിയോഗിക്കുന്നതിലും പ്രാർത്ഥനയിലും കൈവെപ്പ് ഉപയോഗിച്ചതായി കാണാം (അപ്പോ. പ്രവൃത്തികൾ 6:6; 13:3; 1 തിമോത്തി 4:14). സഭയിലെ പൗരോഹിത്യ ശുശ്രൂഷയിലും ഈ അപ്പൊസ്തലിക രീതിയുടെ തുടർച്ച കാണാം.
കാണുന്നത് കൈവെപ്പ്.
കാണുന്നത് കൈവെപ്പ്.
കാണുന്നതിനപ്പുറം - സഭയുടെ ശുശ്രൂഷയിലേക്ക് ഒരാളെ സമർപ്പിക്കുന്ന പ്രാർത്ഥനയും ശുശ്രൂഷയും.

## എണ്ണയും പ്രാർത്ഥനയും - രോഗികളുടെ തൈലാഭിഷേകം.

രോഗികളുടെ തൈലാഭിഷേകത്തിനും പുതിയ നിയമത്തിൽ വ്യക്തമായ അടിസ്ഥാനം കാണാം. യാക്കോബ് 5:14 പറയുന്നു: ഒരാൾ രോഗിയായാൽ സഭയിലെ മൂപ്പന്മാരെ വിളിച്ച് കർത്താവിന്റെ നാമത്തിൽ എണ്ണ പുരട്ടി അവനുവേണ്ടി പ്രാർത്ഥിക്കണമെന്ന്.ഇവിടെ എണ്ണ ഒരു സാധാരണ വസ്തു മാത്രമല്ല. രോഗിയുടെ സൗഖ്യത്തിനും ആശ്വാസത്തിനുമായി സഭ നടത്തുന്ന വിശ്വാസപൂർണ്ണമായ പ്രാർത്ഥനയുടെ ഭാഗമാണ് അത്. ദൈവത്തിന്റെ കൃപ ശരീരത്തെയും ആത്മാവിനെയും സ്പർശിക്കുന്നതിന്റെ ഒരു വിശുദ്ധ അടയാളമായി സഭ അതിനെ കാണുന്നു.

വിശ്വാസത്തിൽ സൃഷ്ടിയിലെ ഈ സാധാരണ വസ്തുക്കളും മനുഷ്യന്റെ ശരീരവും ജീവിതവും ദൈവത്തിന്റെ പ്രവർത്തനത്തിൽ നിന്ന് വേർതിരിക്കപ്പെട്ടവയല്ല. അതുകൊണ്ടാണ് സഭയിൽ നാം വെള്ളത്തിൽ സ്നാനം സ്വീകരിക്കുന്നത്. എണ്ണയാൽ അഭിഷേകം ചെയ്യുന്നത്. അപ്പവും വീഞ്ഞും സ്വീകരിക്കുന്നത്. കൈവെപ്പിലൂടെ ശുശ്രൂഷയിലേക്ക് ആളുകളെ സമർപ്പിക്കുന്നത്. രോഗികൾക്കായി എണ്ണ പുരട്ടി പ്രാർത്ഥിക്കുന്നത്.

കാണുന്നത് ഒരു പ്രവർത്തി.
കാണുന്നതിനപ്പുറം - ക്രിസ്തുവുമായുള്ള ബന്ധം

കൂദാശകൾ നമ്മെ പഠിപ്പിക്കുന്ന പ്രധാനപ്പെട്ട കാര്യം ഇതാണ്: ദൈവകൃപ അദൃശ്യമായതാണെങ്കിലും, ദൈവം മനുഷ്യനോട് ഇടപെടുന്നത് മനുഷ്യന് അനുഭവിക്കാവുന്ന വഴികളിലൂടെയും ആകാം.അതുകൊണ്ട് പരിശുദ്ധ സഭയിലെ കൂദാശകൾ വെറും പാരമ്പര്യമായി തുടരുന്ന ചടങ്ങുകളല്ല.
കാരണം ക്രിസ്തീയ വിശ്വാസത്തിന്റെ ഒരു വലിയ രഹസ്യം ഇതാണ്: കാണുന്നതിന് അപ്പുറം കാണാൻ പഠിക്കുക.



# We're only Beginners



**JOVEENA BINU GEORGE**
PLAKKAL HOUSE

I remember when my chemistry teacher said "We're only beginners at life." I realized how true it is, we all have only one chance in this life and the older we get, the more experienced we are. We often expect so much from others and ourselves that we forget that we were never trained to live, there isn't a book that'll teach you like life does.

Growing up, nobody told us what would happen in our lives and what wouldn't, nobody warned us.

But isn't that a good thing? If God told me all the ups and downs that I would have had to endure before reaching my destination, then I probably would've never wanted to reach it.

Crazy enough, our mistakes and problems shape us and I know that sounds cliche but just really think about it "If God told you all the problems that you would have to face, would you be here right now?"

Think about it like this, suppose you're about to watch a movie which you've been wanting to watch for a long time and your friend completely spoils the movie by telling all the plot twists, who dies and who lives, would you still want to watch it?

So, be patient when a problem arises, you might find a solution or maybe you won't but don't stress about it, you're only a beginner at this.



# "ഒരു നിമിഷത്തെ കൗതുകം, ഒരു ജീവിതത്തിന്റെ നഷ്ടം"



**ആൽബിൻ ബിനോജ്**
കളർനിൽക്കുന്നതിൽ

ഇന്നത്തെ നമ്മുടെ സമൂഹത്തിൽ കാണാവുന്ന വലിയൊരു സാമൂഹിക വിപത്താണ് ലഹരി. ലഹരിവസ്തുക്കളുടെ ഉപയോഗം ഒരു കൗതുകമായി ആരംഭിച്ച് പിന്നീട് ഒരാളുടെ ജീവിതത്തെ തന്നെ തകർക്കുന്ന അടിമത്തമായി മാറുന്നു. ആദ്യം ഇത് ഒരു ചെറിയ പരീക്ഷണമെന്നോ വിനോദമെന്നോ തോന്നിയാലും പിന്നീട് അതിൽനിന്ന് പുറത്തുകടക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് ഒരാൾ എത്തിച്ചേരും.

**Q.വിശുദ്ധ ബൈബിൾ ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ എന്താണ് പഠിപ്പിക്കുന്നത്?**

ഉത്തരം:വിശുദ്ധ ബൈബിൾ ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ വ്യക്തമായ സന്ദേശം നൽകുന്നു.
**എഫെസ്യർ 5:18ൽ മദ്യത്തിൽ മത്തരാകാതെ ആത്മാവിനാൽ നിറയണമെന്ന് പഠിപ്പിക്കുന്നു.**
**നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ ആലയമാണെന്ന് 1 കൊരിന്ത്യർ 6:19–20 ഓർമ്മിപ്പിക്കുന്നു.**
അതിനാൽ ശരീരത്തെയും മനസ്സിനെയും നശിപ്പിക്കുന്ന ലഹരികളിൽ നിന്ന് അകന്നുനിൽക്കണം.
ലഹരി ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു.
അത് കുടുംബത്തിലെ സ്നേഹബന്ധങ്ങളെയും സൗഹൃദങ്ങളെയും തകർക്കാം.
പഠനത്തെയും ഭാവിയെയും പ്രതികൂലമായി ബാധിക്കാനും സാധ്യതയുണ്ട്.
ലഹരി മനുഷ്യന്റെ ആത്മനിയന്ത്രണം നഷ്ടപ്പെടുത്തുന്നു.
അതുകൊണ്ട് ആത്മനിയന്ത്രണത്തോടെ ജീവിക്കണം.
നല്ല കൂട്ടുകെട്ടുകൾ തിരഞ്ഞെടുക്കണം.
ലഹരിയിലേക്ക് നയിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് അകന്നുനിൽക്കണം.
ദൈവവചനത്തിന്റെ മാർഗനിർദേശങ്ങൾ അനുസരിക്കണം.

**Q എങ്ങനെയാണ് ഒരു മനുഷ്യൻ ലഹരിക്ക് അടിമപ്പെടുമ്പോൾ അവന്റെ ശരീരത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നതെന്ന് ശാസ്ത്രീയമായി നോക്കാം.?**

ഉത്തരം: ഒരു മനുഷ്യൻ ലഹരി ഉപയോഗിക്കുമ്പോൾ, അത് ഒരു നിമിഷത്തെ ആനന്ദാനുഭൂതിയായി മാത്രം മാറുന്നില്ല. മറിച്ച്, അത് ശരീരത്തിൽ ചെല്ലുമ്പോൾ അവന്റെ തലച്ചോറിലെ പ്രത്യേക സ്വീകരണകേന്ദ്രങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ഇതുവഴി തലച്ചോറിന്റെ പ്രതിഫലന സംവിധാനത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കും. ലഹരി ആവർത്തിച്ച് ഉപയോഗിക്കുമ്പോൾ തലച്ചോറിന്റെ സ്വാഭാവിക പ്രവർത്തനങ്ങളിൽ മാറ്റം വരാം. മുമ്പ് ലഭിച്ച അതേ അനുഭവം ലഭിക്കാൻ ലഹരി പിന്നീട് വീണ്ടും ഉപയോഗിക്കുന്നു. പിന്നെ, അതില്ലാതെ ജീവിക്കാൻ പറ്റാത്ത അവസ്ഥയാകും.

ഇതുമൂലം അവന്റെ ഓർമ്മശക്തി, ശ്രദ്ധ, ഹൃദയമിടിപ്പ്, രക്തസമ്മർദ്ദം, ശ്വസനം, പ്രതിരോധശേഷി എന്നിവയിൽ മാറ്റങ്ങൾ ഉണ്ടാകാം. കൂടാതെ കരൾരോഗം, മാനസിക പ്രശ്നങ്ങളായ ഉത്കണ്ഠ, ആശയക്കുഴപ്പം എന്നിവയ്ക്കും കാരണമാകാം.

**സകലവിധ ദുഷ്ടതയും വിട്ടൊഴിവിൻ: 1 തെസ്സലൊനിക്കർ5:22**

**Q എന്തൊക്കെ നഷ്ടങ്ങളാണ് ലഹരി കാരണം അവന്റെ ജീവിതത്തിൽ സംഭവിക്കുന്നത്?**

ഉത്തരം: ലഹരിക്ക് അടിമപ്പെടുമ്പോൾ അവന്റെ ആരോഗ്യമാണ് ആദ്യം നഷ്ടപ്പെടുന്നത്. പിന്നീട് കുടുംബബന്ധങ്ങളിലെ സ്നേഹബന്ധമാണ് നഷ്ടപ്പെടുന്നത്. പ്രിയപ്പെട്ടവരോടൊപ്പം ചെലവഴിക്കേണ്ട സമയവും അവൻ നഷ്ടപ്പെടുത്തുന്നു. അതുപോലെ മറ്റുള്ളവർക്ക് അവനോടുള്ള വിശ്വാസം പതിയെ ഇല്ലാതാകും. അതുപോലെതന്നെ, ലഹരിക്ക് അടിമപ്പെടുമ്പോൾ ദൈവത്തോടുള്ള ബന്ധത്തിലും അകലം അനുഭവപ്പെടും. അവന് ദൈവത്തോടുള്ള വിശ്വാസവും ദൈവഭക്തിയും നഷ്ടപ്പെടും.

**നിങ്ങളുടെ അകൃത്യങ്ങൾ നിങ്ങളുടെ ദൈവത്തോടുള്ള നിങ്ങളെ വേർപെടുത്തിയിരിക്കുന്നു: യെശയ്യാവ് 59:2**

**1 പത്രോസ് 5:8 ജാഗരൂകരായിരിക്കണമെന്ന് നമ്മെ ഓർമ്മിപ്പിക്കുന്നു.**

ലഹരിക്കെതിരെ ജാഗ്രത പുലർത്തുന്നത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ലഹരിയെ ഉപേക്ഷിച്ച് ആരോഗ്യകരവും ദൈവികവുമായ ജീവിതം നയിക്കാം.

ദുശ്ശീലങ്ങൾ നമ്മുടെ ജീവിതത്തിൽ വേരുറപ്പിക്കുന്നതിന് മുമ്പുതന്നെ അവയെ ചെറുക്കാൻ നാം ആത്മീയജീവിതം ശക്തിപ്പെടുത്തണം. നല്ല ശീലങ്ങൾ വളർത്തിയെടുത്ത് ആത്മീയജീവിതത്തിൽ ഉറച്ചുനിൽക്കണം

# കൃതജ്ഞത

നമ്മുടെ ഇടവക യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന "യുവദർശനം" മാസികയുടെ ഈ പുതിയ പതിപ്പ് നിങ്ങളുടെ കൈകളിലെത്തുമ്പോൾ, അതിന്റെ പിന്നിൽ പ്രവർത്തിച്ച ഓരോ ഹൃദയങ്ങളെയും നന്ദിയോടെ ഓർക്കുകയാണ്. ഈ മാസികയുടെ വിജയത്തിനായി പ്രാർത്ഥിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, വിവിധ രീതികളിൽ സഹകരിക്കുകയും ചെയ്ത എല്ലാ പ്രിയപ്പെട്ടവർക്കും ഈ അവസരത്തിൽ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

""യുവദർശനം" ഒരു മാസിക മാത്രമല്ല; യുവമനസ്സുകളിൽ വിശ്വാസത്തിന്റെയും നന്മയുടെയും പ്രത്യാശയുടെയും ചിന്തകളുടെയും വിത്തുകൾ പാകാനുള്ള ഒരു ചെറിയ ശ്രമമാണ്, ഇത് അനേകം പേരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ്.

ആദ്യം സർവ്വശക്തനായ ദൈവത്തോട് നന്ദി അർപ്പിക്കുന്നു. ഈ മഹത്തായ പ്രവർത്തനം വിജയകരമായി പൂർത്തിയാക്കുവാൻ ദൈവം നൽകിയ കൃപയെയും കരുണയെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ഈ മാസികയ്ക്ക് ആത്മീയ നേതൃത്വവും, മാർഗനിർദേശങ്ങളും നൽകിയ നമ്മുടെ പ്രിയപ്പെട്ട വികാരി ഫാ. ബിജു തോമസ് അച്ചനും സഹവികാരി ഫാ. ആഷ്‌ലി ജോൺ തോമസ് അച്ചനും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. യുവജനങ്ങളുടെ വിശ്വാസജീവിതത്തിനും ആത്മീയ വളർച്ചയ്ക്കും അവർ നൽകിയ പിന്തുണയും പ്രോത്സാഹനവും വലിയൊരു കരുത്തായിരുന്നു.

ഈ പ്രസിദ്ധീകരണത്തിന്റെ പിന്നിൽ അക്ഷീണം പ്രവർത്തിച്ച ചീഫ് എഡിറ്റർ അലീന മേരി ബ്ലെസ്സൺ , എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, ലേഖനങ്ങൾ, കവിതകൾ എന്നിവ തന്ന കലാകാരന്മാർ, ഡിസൈനർമാർ, സാങ്കേതിക സഹായികൾ എന്നിവർക്കെല്ലാം പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. ഓരോരുത്തരുടെയും അധ്വാനവും സ്നേഹവും സമർപ്പണവുമാണ് ഈ ലക്കത്തെ മനോഹരമാക്കിയത്.

ഈ മാസികയിൽ പരി. കന്യകമറിയത്തെക്കുറിച്ചുള്ള ചിന്തകൾ, ജീവിതത്തെ സ്പർശിക്കുന്ന ലേഖനങ്ങൾ, വിശ്വാസത്തിന്റെ ശക്തിയെക്കുറിച്ചുള്ള എഴുത്തുകൾ, നന്മയും സ്നേഹവും പങ്കുവെക്കുന്ന ആശയങ്ങൾ, ലളിതമായ സന്തോഷങ്ങളെ ഓർമ്മിപ്പിക്കുന്ന വരികൾ, യുവത്വത്തിന്റെ ചിന്തകളിലേക്കുള്ള യാത്രകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.ദൈവമാതാവിനെ വിശ്വാസത്തിന്റെ മാതൃകയായി കാണാനും, മനുഷ്യനിലെ നന്മയിൽ ദൈവസാന്നിധ്യം തിരിച്ചറിയാനും, ജീവിതത്തിന്റെ തിരക്കുകൾക്കിടയിലും ഉള്ളിലേക്ക് ഒരു യാത്ര നടത്താനും ഈ താളുകൾ നമ്മെ ക്ഷണിക്കുന്നു.യുവജനങ്ങളുടെ കഴിവുകൾ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും ഇത്തരം പ്രവർത്തനങ്ങളിൽ വലിയൊരു വേദിയാകട്ടെ എന്ന് ആശംസിക്കുന്നു.



**സെറാ സാറാ മാത്യു**
**ജോയിന്റ് സെക്രട്ടറി**





HANNA JOHN

# വാർത്തകൾ വിശേഷങ്ങൾ



യൂണിറ്റ് വാർഷികം
ഇടവക യുവജനപ്രസ്ഥാനത്തിന്റെ യൂണിറ്റ് വാർഷികം യുവജനപ്രസ്ഥാനം കേന്ദ്ര ട്രഷറർ ശ്രീ. രെഞ്ചു എം ജെ ഉദ്ഘാടനം ചെയ്തു. MGOCSM ഭദ്രാസന ജനറൽ സെക്രട്ടറി ഡോ. ജോമി ലിനു സൺഡേ സ്കൂൾ കുട്ടികൾക്കായുള്ള മാർഗ്ഗനിർദേശ ക്ലാസിനു നേതൃത്വം നൽകി.



എം. ജി. എം മെറിറ്റ് അവാർഡ്
ഇടവകയിലെ 10,12 ക്ലാസുകളിൽ വിജയം കൈവരിച്ച എല്ലാ വിദ്യാർത്ഥികളെയും ആദരിച്ചു.



യുവദർശനം
ഇടവക യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പുറത്തിറക്കുന്ന യുവദർശനം മാസികയുടെ ആദ്യലക്കം ഇടവക വികാരി ഫാ. ബിജു തോമസ് അച്ചൻ സഹവികാരി ഫാ. ആഷ്‌ലി ജോൺ തോമസ് അച്ചന് നൽകികൊണ്ട് പ്രകാശനം ചെയുന്നു.



മെഡിക്കൽ ക്യാമ്പ്
ഇടവക യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിലും പത്തനംതിട്ട ഇസാറാ കണ്ണാശുപത്രി, പത്തനംതിട്ട ദേവി സ്കാൻസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലും സൗജന്യ നേത്ര പരിശോധനയും, തിമിര രോഗ നിർണ്ണയവും, സൗജന്യ പ്രമേഹ, കൊളസ്ട്രോൾ, രക്ത സമ്മർദ്ദ നിർണ്ണയവും നടത്തപെട്ടു.



പായസം ഫെസ്റ്റ്
സെന്റ് മേരീസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 23,25 തീയതികളിൽ നടത്തപെട്ട പായസം ഫെസ്റ്റ് വീടുകളിൽ പായസം എത്തിച്ച് നന്നായി പൂർത്തീകരിക്കുവാൻ സാധിച്ചു.



Contest winners
മെഴുവേലി ഹോളി ഇന്നസെന്റ് ഇടവകയിൽ വെച്ച് നടത്തപ്പെട്ട അഖില മലങ്കര ആരാധന സമൂഹഗാന മത്സരത്തിൽ 2-ാം സ്ഥാനം നമ്മുടെ പ്രസ്ഥാന അംഗങ്ങളായ Nanma Sera Rajeev, Aleetta T Anil, Kripa Ann Thomas, Saira Rachel Robin, Rebecca Sara John എന്നിവർ കരസ്ഥമാക്കി



Contest winners
ചെന്നിത്തല സെന്റ് ജോർജ് ഇടവകയിൽ വെച്ച് നടത്തപ്പെട്ട അഖില മലങ്കര സമൂഹഗാന മത്സരത്തിൽ നമ്മുടെ പ്രസ്ഥാന അംഗങ്ങളായ Nanma Sera Rajeev, Aleetta T Anil, Kripa Ann Thomas, Saira Rachel Robin, Rebecca Sara John എന്നിവർ 1-ാം സ്ഥാനം കരസ്ഥമാക്കി



Best wishes to Dn. Bright Benny

# കളർ ചെയ്യൂ... സമ്മാനം നേടൂ..

Name: .............................................

Address: ........................................

.........................................................

Ph: ..................................................



ഇടവകയിലെ 3 വയസ്സു മുതൽ 9 വയസ്സുവരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം. മുകളിൽ കാണുന്ന ചിത്രം കളർ ചെയ്തശേഷം നിങ്ങളുടെ പേരും വിലാസവും ഫോൺ നമ്പറും രേഖപ്പെടുത്തുക. പേജ് വൃത്തിയായി സ്കാൻ ചെയ്തോ ഫോട്ടോ എടുത്തോ താഴെകാണുന്ന മെയിലിൽ അയക്കുക.

**yuvadarshanameditor@gmail.com**

അയക്കേണ്ട അവസാന തീയതി:

**2026 സെപ്റ്റംബർ 19**

# BIBLE WORD SEARCH

## FIND THESE WORDS

- COMMANDMENT
- GENESIS
- GOD
- GRACE
- HEAVEN
- JESUS
- MIRACLE
- PROPHET
- PSALM
- RESURRECTION
- SALVATION

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| C | J | R | P | C | P | E | R | E | Z | A | R | Z |
| C | F | E | L | P | S | A | L | M | X | P | I | W |
| H | Q | S | S | A | V | A | R | G | C | R | A | M |
| E | L | U | A | U | C | T | E | R | Z | O | G | I |
| A | U | R | X | L | S | L | O | A | A | P | U | R |
| V | J | R | R | I | V | R | U | C | R | H | L | A |
| E | U | E | E | V | D | A | A | E | I | E | R | C |
| N | R | C | S | P | R | N | T | J | U | T | E | L |
| H | I | T | U | G | O | D | R | I | C | K | I | E |
| F | A | I | H | F | B | A | F | T | O | J | A | Z |
| S | C | O | M | M | A | N | D | M | E | N | T | A |
| C | P | N | D | N | G | E | N | E | S | I | S | Y |

ഇടവകയിലെ 10 വയസ്സു മുതൽ 15 വയസ്സുവരെയുള്ള കുട്ടികൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാം ഇംഗ്ലീഷ് അക്ഷരങ്ങളുടെ ഗ്രിഡിൽ മറഞ്ഞിരിക്കുന്ന വേദപുസ്തകത്തിലെ വാക്കുകൾ മാർക്ക് ചെയ്യുക. പേജ് വൃത്തിയായി സ്കാൻ ചെയ്തോ ഫോട്ടോ എടുത്തോ താഴെകാണുന്ന മെയിലിൽ അയക്കുക.

**yuvadarshanameditor@gmail.com**

അയക്കേണ്ട അവസാന തീയതി:

**2026 സെപ്റ്റംബർ 19**

Name: .............................................

Address: .........................................

..........................................................

..........................................................

..........................................................

Ph: ...................................................

# In Loving Memory
*of*



# Prof. K. G Samuelkutty
Plavelil

പാവന
സ്മരണയ്ക്ക്



# മാത്യു തോമസ്

എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ (Rtd.)

നെടുവേലിൽ ബെഥേൽ, മല്ലശ്ശേരി